# പുലരി

# പ്പൂക്കൾ

T 61
G28

# പലരിപ്പുകൾ

2 7 JAN 1977

( Malayalam )

**PULARIPPUKAL**

Poems

**By SISTER GEMMA**

St. Martin Centre

Angamaly

First Published February 1969

Copies 1000

Printed at

**ST. MARTIN PORRES PRESS, ANGAMALY**

Price Re. 1-00

Copyright

Sisters of Nazareth

Publishers

**Sisters of Nazareth**

**St. Martin Centre, Angamaly**

# പുലരിപ്പൂക്കൾ

(കവിതകൾ)

ജെമ്മ

DHARMARAM COLLEGE
LIBRARY
BANGALORE

വിതരണം

സെൻറ് മാർട്ടിൻ സെൻറർ

അങ്കമാലി

വില ക. 1 - 00

DHARMARAM COLLEGE LIBRARY
Ac. No. 36762
Call No. T61/G28

# സമർപ്പണം

സ്വമാംസര
ക്തങ്ങളിലൂടെ
കാവ്യപ്രതിഭ എ
നിക്കു പകർന്നുതന്നു
സ്വന്തം തൂലികത്തു
മ്പിലൂടെ ഉതിർന്നുവീ
ണ സുന്ദരകവിതക
ളുടെ ഈരടികളാൽ
താരാട്ടി വളർത്തി
അവസാനം ജീവിത
ത്തിന്റെ വസന്തം
തെല്ലും കൂമ്പുന്ന
തിനു മുമ്പുത
ന്നെ ഏഴു കുരു
ന്നു ഹൃദയങ്ങ
ളിൽ നിത്യദുഃഖ
ത്തിന്റെ ഒരു ശോ
കകവിത ആരചി
ച്ചുകൊണ്ടു് ആനന്ദ
ത്തിന്റെ പറുദീസാ
യിലേക്കു ചിറക
ടിച്ചു പറന്നുപോയ
സ്നേഹപ്പൊരുളായ
അമ്മയുടെ —
ആ അറിയ
പ്പെടാത്ത

കവയിത്രിയുടെ — പൂജ്യസ്മരണയ്ക്കു്

# അവതാരിക

വർണ്ണവൈചിത്ര്യമാർന്ന ഇരുപത്തിമൂന്നു കവനകുസുമങ്ങളുടെ സമാഹാരമാണു ജമ്മയുടെ "പുലരിപ്പൂക്കൾ." ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ പ്രത്യക്ഷപ്പെട്ട് അനുവാചകപ്രീതി നേടിയിട്ടുള്ളവയാണ് ഈ മഞ്ജരിയിലെ പൂക്കളോരോന്നും. അവയിപ്പോളിങ്ങനെ ഒന്നായി ചേർത്തുവയ്ക്കുമ്പോൾ ഒരവതാരകൻെറ അകമ്പടി ആവശ്യമുണ്ടോ എന്നു മാത്രമാണെൻെറ സംശയം.

കവിത, കവിയുടെ ആത്മാവിനെയും കാലത്തിൻെറ ചൈതന്യത്തേയും ഒപ്പം പ്രതിഫലിപ്പിക്കുന്നുവെന്നൊരു നിരൂപകമതമുണ്ട്. ആത്മാവു കൈമോശം വന്ന കവികൾ ശിഥിലചൈതന്യമായ ഈ യുഗത്തിൽ ആധുനികതയുടെ മുദ്രചാർത്തിയിറക്കിവിടുന്ന നിരർത്ഥ ജല്പനപ്രായമായ സൃഷ്ടികൾ കണ്ടു മനംമടുത്തിരിക്കുന്ന സഹൃദയലോകത്തിന് ഇത്തരം സങ്കല്പങ്ങളിന്നു കടംകഥയായിരിക്കാം. എന്നാൽ ഉറച്ച മൂല്യബോധവും, പതറാത്ത ആദർശനിഷ്ഠയും, വ്യക്തമായ കാഴ്ചപ്പാടുകളുമുള്ള ചുരുക്കം ചില കവികളെങ്കിലും നമുക്കുണ്ട്. അവരുടെ പരമ്പരയിലാണ് ഈ കവയിത്രിയും അഭിമാനപൂർവ്വം തൻെറ സ്ഥാനമുറപ്പിച്ചിരിക്കുന്നത്.

മതബോധദീപ്തവും, ആത്മീയചിന്താബന്ധുരവുമാണ് ജമ്മയുടെ കവിതകളോരോന്നും. അതു കവയിത്രിയുടെ അന്തരാത്മാവിനെ പ്രതിഫലിപ്പിക്കുന്നു. പാക്കിസ്ഥാനാക്രമണം തുടങ്ങി ജാകപിലിൻെറ പുനർവിവാഹംവരെയുള്ള കാലികസംഭവങ്ങളെ വിഷയമായി സ്വീകരിച്ചുകൊണ്ട് താൻ ജീവിക്കുന്ന കാലഘട്ടത്തിൻെറ പ്രതിഫലനവും കവയിത്രി ഇതിലുൾക്കൊള്ളിച്ചിരിക്കുന്നു. ചെറിയൊരു കല്ല

വീണാൽപ്പോലും അനന്തമായ തരംഗപരമ്പരകളിളക്കിവിട്ടുന്ന ഒരു നിർമ്മല ജലപ്പരപ്പാണ് വികാരസംവേദനക്ഷമമായ ജെമ്മയുടെ കവിഹൃദയം. നാം നിസ്സാരമെന്നെണ്ണി ക്കളയുന്ന അനുഭവങ്ങളുടെ നേർക്കുപോലും ആ ലോല ഹൃദയം തീവ്രമായി പ്രതികരിക്കുന്നു. ചിന്തോദ്ദീപകങ്ങളായ വാണീവിശേഷങ്ങളതിൽനിന്നുതിർന്നുവീഴുന്നു. ഒരു കവിക്കുതികച്ചും അഭിമാനിക്കാവുന്ന സിദ്ധിവിശേഷമാണിതു്. അഭിനന്ദനാർഹമായ വാസനാവൈശിഷ്ട്യത്തിൻെറ മുദ്ര പേറുന്ന അനേകം ഈരടികൾ ഈ സമാഹാരത്തിലുണ്ടു്. സംസ്കൃതദ്രാവിഡവൃത്തങ്ങളിലുള്ള രചനാസാമർത്ഥ്യത്തിൻെറ പരസ്പരമത്സരവും നമുക്കിതിൽ കാണാം.

എന്നാൽ ജന്മസിദ്ധമായ കാവ്യവാസനയെ വൈദുഷ്യാഭ്യാസങ്ങളുടെ ശാണോപലത്തിൽ ഘർഷണം ചെയ്തു സംസ്കരിക്കാനിടയാവാതെവന്നതുനിമിത്തമുള്ള രചനാവൈകല്യങ്ങളും (ചന്ദ്രനിൽ കളങ്കമെന്നപോലെ!) ഈ കവിതകളിലങ്ങിങ്ങു കാണാനുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അവകൂടി നിർമ്മാർജ്ജിതങ്ങളാകുമ്പോൾ കേരളകവയിത്രികളുടെ മുൻപന്തിയിൽത്തന്നെ താൻ ചെന്നുനില്ക്കുന്നതായിക്കണ്ടു ജെമ്മ സ്വയം അത്ഭുതപ്പെടാതിരിക്കയില്ല. ആദർശശാലിനിയായ ഈ കാവ്യോപാസക കൈരളിക്കു കാഴ്ച വയ്ക്കുന്ന ഈ പുലരിപ്പൂക്കളുടെയെ അഭിനന്ദനാശംസകളോടെ ഞാൻ അനാവരണം ചെയ്തുകൊള്ളുന്നു.

പ്രൊഫ. മാത്യു ഉലകംതറ

എസ്. എച്ച്. കോളെജ്, തേവര.

8 – 11 – 1968

# കവിതകൾ

പ്രഭാതഗാനം

നിങ്ങൾക്കു സമാധാനം

പൊളിഞ്ഞ പന്തൽ

സെൻറ് പോൾസിൻെറ മുററത്ത്

നാഴിയരി

കാക്കുന്ന മാലാഖാ

കടലിൻെറ കവിത

അമ്മയുടെ അഭിനന്ദനം

ശവപ്പെട്ടി

എന്തേ ഈ കണ്ണീർ?

സ്വർഗ്ഗത്തിലും യുദ്ധം

എന്തിനീ കുരിശുകൾ

ഉണ്ണി ഈശോയോട്ട്

മകൻെറ സെമിനാരിയിൽനിന്നു്

മരണമെന്ന കാമുകൻ

കൊച്ചുവീട്ടിലെ കൂട്ടുകാരൻ

അമ്മയ്ക്കൊരു പൂച്ചെണ്ടു്

നവവധുവിനു് അമ്മയുടെ ആശംസകൾ

വഴിവക്കിലെ കാട്ടുപൂവ്

കൊച്ചു മാലാഖാ

തെന്നിവീണ നക്ഷത്രം

ഓർമ്മകൾ ജീവിക്കുന്നു

ദേവി എഴുന്നള്ളൂ

# പ്രഭാതഗാനം

കൺതുറന്നു വരുന്നു ഞാനങ്ങേ
കൺമുമ്പിലെന്റെ ദൈവമേ,

ഉൾക്കണ്ണാലങ്ങേ കണ്ടിട്ടെന്നെന്റെ
ഉൾക്കാമ്പിലങ്ങേ വാഴ്ത്തുന്നു.

നന്ദിയോതുന്നു; തന്ന ദാനങ്ങൾ
വർണ്ണനാതീതമൊക്കേക്കും.

വന്ന തെറ്റുകളോക്കരുതിനി
വന്നിടാതെ തുണയ്ക്കണം.

എന്റെ ചിത്തത്തിലങ്ങുവാഴണം
കാറമററു ചിന്തിക്കാൻ,

എന്റെ ഹൃത്തിലുമങ്ങു വാഴണം
എന്റെ ശത്രുവെ സ്നേഹിക്കാൻ.

എന്റെ കണ്ണുകളങ്ങു കാക്കണം
നിന്റെ ചൈതന്യം കാണുവാൻ,

എന്റെ നാവിനു കാവലാകണം
സത്യം മാത്രമുരയ്ക്കുവാൻ,

എന്റെ കർണ്ണങ്ങളെന്നും കേൾക്കണം
നിന്റെ സ്നേഹത്തിൻ ഗാനങ്ങൾ,

എന്റെ കൈകൾ ചലിക്കണം സദാ
നിന്റെ സേവന കർമ്മത്തിൽ,

എന്റെ കാലുകൾ നീങ്ങണം മേലിൽ
നിന്റെ സേവനപാതയിൽ,

എന്റെ ജീവിതമാകണമെന്നും
നിന്റെ മുമ്പിലെ കൈത്തിരി,

എന്റെ ജീവിതനാളത്തിലെന്നും
നിന്റെ സ്നേഹം പകരണം,

പൊട്ടിവീഴും പ്രഭാതംപോലെന്റെ
ചിത്തമെന്നും വിരിയേണം,

എന്റെ ജീവിതം ശോഭചിന്തണം
നിന്റെ ദാസക്കു മാർഗ്ഗമായ്,

എന്റെ നാടിനു നന്മ ചെയ്യുമാ-
റെന്റെ ജീവിതമാകണം.

1965

# നിങ്ങൾക്കു സമാധാനം

കേട്ടു ഞാനൊരു സ്വരം കാൽവരിക്കുട്ടത്തെനോ
ാ പാട്ടംപോൽ, മനുജൻെറ യഹന്തസ്സുടിയേററു.
ക്രൂശിന്മേൽ മരിച്ചവനുയിർത്തുവരുമെന്നോ
ക്രൂശിച്ചോർ ശവത്തിനു കാവലായ് നോക്കിനില്ക്കേ.
അല്ലവർ മുഖംപൊത്തി ഭൂമിയിൽ പതിച്ചുപോയ്
നല്ലതു. മനുജൻെറയഹന്ത പൊങ്ങേണ്ട നീ.
വീണ്ടും ഞാൻ ശ്രവിച്ചിതു 'നിങ്ങൾക്കു സമാധാനം'
വേണ്ടൊരു ദുഃശങ്ക ഞാൻ ക്രൂശിന്മേൽ മരിച്ചവൻ'.

'നിങ്ങൾക്കു സമാധാനം' ഗ്രഹിക്കുന്നില്ല ഞങ്ങൾ,
തേങ്ങുകയാണു നാഥാ ഭൂതലം ശാന്തിക്കായി.
ചുണ്ടിന്മേൽ സൗഹാർദ്ദത്തിൻപുഞ്ചിരി വിരിക്കുമ്പോൾ
ചുണ്ടുകൾക്കകത്തുള്ള പല്ലുകൾ ഞെരിക്കുന്നു.
കരങ്ങൾ സ്നേഹത്തിൻെറ വേഷത്തിൽ പുണരുമ്പോൾ
കരളിൽ വെറുപ്പിൻെറ മതിലാണുയരുക.
മേശയ്ക്കുചുററും ലോകനേതാക്കൾ തൊട്ടുരുമ്മി
ആശയവിനിമയം ശാന്തിക്കായ് നടത്തുമ്പോൾ
അകലെ പിശാചായി മാറിയ മനുഷ്യൻ ഹാ
പകയാൽ സഹജരെ ചുട്ടുചുട്ടെരിക്കുന്നു.

'നിങ്ങൾക്കു സമാധാനം' എന്തൊരു വിരുദ്ധത
തിങ്ങുമീകാപട്യത്തിനുള്ളിലോ സമാധാനം.
പക്ഷേ ഞാനറിയുന്നു ക്രൂശിൻെറ കരങ്ങളിൽ
മോക്ഷത്തിൻറാകെനന്മ ദാരുണം പിടഞ്ഞപ്പോൾ,
ആ മരച്ചോട്ടിൽനിന്നു നരകം ഹസിക്കവേ
ആ മഹാ കൊട്ടംപാപം ക്ഷമിക്കാൻ കരഞ്ഞ നീ,

ചൊല്ലുന്ന 'സമാധാനം' വ്യക്തമായെനിക്കിപ്പോൾ
ഇല്ലിതു വിദ്വേഷത്തിൽ, സ്നേഹത്തിൽമാത്രം ശാന്തി.
അധർമ്മപ്പിശാചിൻെറ നൃത്തത്തിൻ ചിലമ്പൊലി
പതഞ്ഞുപതഞ്ഞതാ ഗിരിമേലൊഴുകവേ,
താഴെയാ കുഴിമാടം തുറന്നു കയറി നീ
താഴികക്കുടംപോലെ കൃശിതൻ ഭവാൻ മിന്നി.
നീതിയെ ക്രൂശിക്കുമീലോകത്തിൽ നമ്മൾ തെല്ലും
ഭീതരായ്ക്കഴിയേണ്ട ഉത്ഥിതനായി ക്രിസ്തു

1965

# പൊളിഞ്ഞ പന്തൽ

ജാലകം തുറന്നിട്ടാ ദ്വാരത്തിലൂടെയൊരു
ലോലമാം ഗാനംപാടി നോക്കി ഞാൻ നില്ക്കുന്നേരം
മാനസതലത്തിന്മേൽ കണ്ടു ഞാനൊരുപന്തൽ
മാനത്തുമുട്ടിത്താഴെ തകർന്നുപതിച്ചതായ്.
ഭീമമാം വെൺതൂണുകൾ കരിങ്കൽച്ചീളുകളായ്
ഭൂമിയിൽ കിടക്കുന്നു കണ്ണീരിൻകഥയോതി.
പൊന്നണിനീരാളത്താൽ ചാർത്തിയ മേൽക്കൂട്ടികൾ
ചിന്നിയും ചിതറിയും ചെളിയിൽ കിടക്കുന്നു.
ഓതുന്നുണ്ടവ ദീനം "പണ്ടുയീമണ്ണിൽവാണ
സിദ്ധന്മാർ നെയ്തുവച്ച 'നല്ലനാളെ'കൾ ഞങ്ങൾ"
മണലിൽ കിടക്കുന്ന കരിഞ്ഞ പൂക്കൾ അല്ല!
ജനകോടികൾ നെയ്തു ചാർത്തിയ പ്രതീക്ഷകൾ.

കാഞ്ചനഹാരത്തിൻെറ തകർന്ന തരുക്കകൾ
പാഴ്ച്ചെളിപൂണ്ടുകാണാം ദീർഘനിശ്വാസത്തോടെ.
മർത്ത്യൻെറ ദുരയേററുയഹിംസാവ്രതംചത്തു
ചിന്തിയ കട്ടംനിണബിന്ദുക്കളവ സത്യം.
കൊട്ടങ്കാററടിക്കുന്നു ചുററിലും ചീറിയതിൻ
സ്ഫോടനം കുലുക്കുന്നാ തകർന്ന നിലാവീണ്ടും.
കറുത്ത പുകച്ചുരുൾ തിങ്ങുന്നുണ്ടകത്തെങ്ങോ-
യെരിയും സത്യത്തിൻെറയന്ത്യശ്വാസവുംപേറി.
മാമുനീസിദ്ധരേറെ കാലങ്ങൾ തപംചെയ്തു
മാമലനാട്ടിൽ പുണ്യം വിരിച്ച തലങ്ങളെ,
കല്പാന്തകാലത്തിൻെറ ശിഞ്ജിതംമുഴക്കിക്കൊ
ണ്ടംബരം കഴുകുന്നു കണ്ണുനീർകണങ്ങളാൽ.

ആശകൾ തകർന്നപ്പോളാത്മാവുപിടഞ്ഞപ്പോൾ
ആശിക്കാൻ കാണാതൊന്നും ഭ്രാന്തരായ്ത്തീർന്നു മർത്ത്യർ
അന്യോന്യം മുഷ്ടിയോങ്ങി കോഴിപ്പോരെടുക്കുന്നു
പന്തലിന്നകം ശവക്കൂനയാൽ നിറയുന്നു.
ചെഞ്ചോര തളംകെട്ടിനില്ക്കുന്നുണ്ടതിലൂടെ
തഞ്ചത്തിൽ പാട്ടുംപാടി പോകുന്നുണ്ടൊരുകൂട്ടർ.
നാളെയാം പൊന്നോമന പിറന്നുവീഴാൻ തീർത്ത
പിള്ളത്തൊട്ടിലോയിതുയിന്നിന്റെ കരങ്ങളാൽ.
ഇപ്പന്തലുയർത്തുവാൻ വരുമോ സഹജരേ,
ഇപ്പോൾ നാമിറങ്ങണം അന്തിവന്നെത്തുംമുമ്പേ.
സത്യത്തിൻതീനാളങ്ങൾ ജ്വലിക്കും പന്തങ്ങളായ്
എത്തണം നാളെക്കുള്ള തൂണുകളുയർത്തുവാൻ.

താപസവേഷംചുറ്റി സത്യത്തിൻകൊടിയേന്തി
'സ്നാപകൻ'പോലെ നമ്മൾ ഗർജ്ജനം മുഴക്കണം.
അധർമ്മവിലാസത്തിൽ മദിക്കും 'ഹേറോദ്'മാർ
മൃതരായ്ഭവിക്കട്ടാ ഗർജ്ജനമുഴക്കത്തിൽ.
വിങ്ങുന്ന വ്രണങ്ങളിൽ സ്നേഹതൈലങ്ങൾ പൂശി
ഒക്കുമോ നമുക്കിന്നീ മന്നിന്റെ ഭ്രാന്തുമാറ്റാൻ,
അഹിംസാവ്രതത്തിന്റെ ഗാനങ്ങൾ പാടി വീണ്ടും
മഹിയിൽ സ്വാതന്ത്ര്യത്തിൻ കൊടികളുയർത്തുവാൻ.
ഭ്രാന്തമാം ലോകത്തിന്റെ കല്ലേറു വാങ്ങിക്കാനും
തപ്തമാം വികാരത്തിൻജ്വാലയിൽ ദഹിക്കാനും
ഒരുങ്ങി പുറപ്പെട്ടു വേറൊന്നും കൊതിക്കണ്ടാ
ധരയിൽ സത്യത്തിന്റെ വേതനം മറ്റൊന്നല്ല.
നമ്മതൻ ശയ്യാതലം ക്രൂശിലേ കാണൂയെന്നും
നമ്മതൻ മണിദീപം ക്രൂശിലേ കത്തിനിൽക്കൂ.
ഇന്നൊരു ഭ്രാന്താലയം കാണുന്നീ പന്തൽക്കീഴേ
എന്നേക്കും പാടില്ലതു പോക നാം സുധീരരായ്.

1965

---

എ. ഐ. സി. സി. യുടെ പൊളിഞ്ഞ പന്തലിനെ അനുസ്മരിച്ച്

# 'സെൻറ് പോൾസി'ൻെറ മുററത്ത്

കേട്ട ഞാനൊരു വിളി ഭാരതമാതാവിൻെറ
ഒട്ടുമേ മടിക്കാതെയെത്തി ഞാനവിടേക്ക്
ശതാബ്ദം നേടിവച്ച മഹിഷ്ഠസൗധത്തിൻെറ
ചതഞ്ഞുകിടക്കുന്ന ശിലകൾക്കിടയ്ക്കുഞാൻ.
മനുഷ്യൻ പണിയുന്ന മനുഷ്യൻ തകർക്കുന്നു
മനുഷ്യൻ മനുഷ്യനെ കൊല്ലുന്നു 'സംസ്കാര'മോ?
ഇക്കാണും ശവക്കൂട്ടം, അല്ലതു മനുഷ്യൻെറ
പോക്കുകൾ കുറിക്കുന്ന നാഴികക്കല്ലുമാത്രം.

ഒന്നു ഞാൻ പറയുന്നു നിർത്തുയീ കാട്ടാളത്തം
ഒന്നിച്ചു ജീവിക്കേണ്ട മനുഷ്യരല്ലേ നമ്മൾ?
ഇൻഡ്യയും പാക്കിസ്ഥാനും അതിർത്തി വച്ചതെന്ത്യേ
ഇൻഡ്യതൻ മടിത്തട്ടിൽ വളർന്നോരല്ലേ നിങ്ങൾ?
കരയുന്നില്ല ഞങ്ങൾ തകർന്ന സൗധംനോക്കി
കരയുന്നതുകാട്ടും കാട്ടാളവിഹാരത്തിൽ.

ടാജ്മഹാളുയർത്തിയ ഭാരതകലയുടെ
നിർമ്മാണപ്രതിഭയിൽ ബോംബുകൾ വീണിട്ടില്ല.
കരയുന്നില്ല ഞങ്ങളീമൃതദേഹംനോക്കി
കരയുന്നുണ്ടു കണ്ടു മരിച്ച 'മനുഷ്യത്വം'.
ആളുമീ തീജ്ജ്വാലകൾ നല്കില്ല ഭയംതെല്ലും
ആളുന്ന ദേശഭക്ത്യാ ഭാരതം ജ്വലിക്കുമ്പോൾ.
ഭാരതമാതാവിൻെറ ത്രിവർണ്ണക്കൊടിക്കീഴിൽ
നേരിട്ടും തീയുണ്ടകൾ പൂമഴയാണെന്നോർക്കൂ.
ഭാരതം ഭീരുവല്ല ദുർബ്ബലയല്ല പക്ഷേ
ഭാരതപൗരുഷത്വം ക്രൗര്യത്തിലല്ല ദൃഢം.

ടാഗോറിൻഗീതാഞ്ജലി മുഴങ്ങും സാനുക്കളിൽ
ഉദ്ഗമിക്കില്ല വെറും കാട്ടാളവിക്രിയകൾ,
യുഗങ്ങൾ നേടിവെച്ച സംസ്കാരസമ്പത്തിന്റെ
മികച്ച കാവൽക്കാരിയാണവളിന്നുമെന്നും.
ദ്രോഹവും നാശങ്ങളും സഹിക്കില്ലവളാർക്കും
ദ്രോഹിക്കാനറിയാതെ സ്നേഹിക്കാൻ പഠിച്ചവൾ,
അഹിംസാഗാനംമാത്രം ശ്രവിച്ചു വളർന്നവൾ
സൗഹൃദം മാത്രമാർക്കും വിളമ്പി ശീലിച്ചവൾ.
ഗാന്ധിയെ ജനിപ്പിച്ച ഭാരതമാതാവിന്റെ
തത്വസംഹിതയ്ക്കുണ്ടോ വിദ്വേഷമണം ലേശം.
സ്നേഹത്താൽ പറയുന്നു സാഹസം കാണിക്കല്ലേ
ഭാഗ്യത്തെ പരീക്ഷിച്ചു പാക്കിസ്ഥാൻ തളരല്ലേ.
ടാങ്കുകൾ ബാക്കിയുള്ളതവിടെ സൂക്ഷിച്ചാലും
തോക്കുകൾ രണ്ടോമൂന്നോ ‘പിണ്ടി’യിലിരിക്കട്ടെ.
നടന്നു തളരാതെ കയറിപ്പറക്കുവാൻ
പിടിയിൽ ശേഷിപ്പുള്ള വിമാനം സൂക്ഷിക്കണേ.
നേരുന്നു ശിഷ്ടായുസ്സിൽ ശാന്തിയും സൗഭാഗ്യവും
നേരാണു സഹതാപമുണ്ടെനിക്കങ്ങേപ്പേരിൽ.

---

പാക്കിസ്ഥാൻ സെന്റ് പോൾസ് ദേവാലയം ബോംബിട്ടു നശിപ്പിച്ചതിനെ അനുസ്മരിച്ചെഴുതിയതു്.

# ‘നാഴിയരി”

“എട്ടണയുണ്ടുസാറേ, നൽകണേ നാഴിയരി
പട്ടിണികൊണ്ടുകേഴും കുഞ്ഞുങ്ങളുണ്ടു വീട്ടിൽ
അമ്മച്ചി ക്ഷയരോഗി, അപ്പച്ചൻ ‘കീരിക്കാട്ടി’ൽ
അന്നത്തെ തോക്കിൻമുമ്പിൽ പിടഞ്ഞുമരിച്ചുപോയ്”

പങ്കകൾ കറങ്ങുന്നോരുൾമുറിക്കുള്ളിലായി,
കെങ്കേമം സീററുകളിൽ മാന്യന്മാരിരിക്കുമ്പോൾ
വോട്ടുകൾ കൂട്ടിക്കിട്ടാൻ മാർഗ്ഗങ്ങൾ തിരയുമ്പോൾ
പീടികതിണ്ണതന്നിലുയർന്നീയപസ്വരം.
‘ഇല്ലിവിടരിയൊട്ടും’ചൊന്നിട്ടാവണിഗ്വരൻ
അല്ലലുകാണാത്തവൻ ചർച്ചകൾ തുടർന്നുപോയ്.

“ഒന്നിനു നൂറുമാത്രം, ചാക്കുകളെത്രവേണം
ഇന്നത്തെരാത്രിതന്നെ കിട്ടാതെവരാം നാളെ.
നാടിന്റെ പഞ്ഞംതീരാൻ ഞങ്ങളു ഭരിക്കണം
നാടിന്റെ നന്മയ്ക്കായി ഞാനൊരു സ്ഥാനാർത്ഥിയായ്
മറക്കാതിരിക്കണേ വോട്ടുകൾ നമുക്കേകാൻ
മറക്കില്ലൊരുസ്ഥാനം താങ്കൾക്കും നൽകാൻ കേട്ടോ.’
ഒഴിഞ്ഞ ഗ്ലാസ്സുതാഴെ വച്ചിട്ടാഗതൻ ചൊല്ലി
“ഒളിവിൽ കടത്തണം രാത്രിയിൽത്തന്നെവരാം.”

“എട്ടണക്കൂടിത്തരാം നല്കണേ നാഴിയരി
പട്ടിണിയാലെന്നമ്മ മരിക്കുംമുമ്പു തായോ”
വീണ്ടുമായപസ്വരം ഉയർന്നു പ്രാന്തത്തിങ്കൽ
കേട്ടിട്ടാവണിഗ്വരനളന്നു ഉഴക്കരി

"അത്താഴക്കഞ്ഞിക്കായി കാത്തതാണെതിൽനിന്നും
ആർത്തനാം നിനക്കു,നിന്നമ്മയ്ക്കു കഞ്ഞിനല്കാൻ
സാധുക്കൾക്കരികിട്ടാൻ ഞങ്ങളു ഭരിക്കുന്നു
സാധുവിൻക്ലേശംകണ്ടു ഞാനൊരു സ്ഥാനാർത്ഥിയായ്.
എട്ടണബാക്കി നാളെ തന്നാലും മതി കുഞ്ഞേ
കേട്ടോ നിന്നമ്മയോടു പറയൂ വോട്ടുനൽകാൻ.
നോട്ടിൻെറ കെട്ടുമായി പണക്കാർ നില്ക്കുന്നരി
കിട്ടില്ല, നിനക്കൊരു സാധുവെന്നോർത്തുതന്നു."

തോളിൽനിന്നെടുത്തൊരു കച്ചയിലരികെട്ടി
ആലസ്യം ഭാവിക്കാതെ പാഞ്ഞവൻ വീട്ടിലെത്താൻ.
പന്താടി രസിക്കുന്ന ബാലന്മാർ വഴിക്കുണ്ട്,
ചന്തമായ് കണ്ടുനില്ക്കാൻ കാഴ്ച്ചകളേറെയുണ്ട്,
ഒന്നുമാ കണ്ണിണയിൽപ്പെട്ടില്ല. വീട്ടിൽ തന്നെ
കാത്തുകാത്തിരിക്കുന്ന കണ്ണുകൾമാത്രം കണ്ടു.
താണുതാണിറങ്ങുന്നു കതിരോൻ പടിഞ്ഞാറു
മണ്ണിനു താഴേയാക്കോ തോണ്ടുവാൻ ശവക്കുഴി.
കച്ചയിൽപൊതിഞ്ഞരിക്കെട്ടുമായെത്തി പയ്യൻ
സ്വച്ഛമാം ഭാവിക്കുള്ള മോഹനക്കരാറുമായ്.

കണ്ണുകൾ തുറക്കുവാനെന്ത്യേനീ മടിക്കുന്നു
കൺമണികുഞ്ഞുമകൻ വന്നതു കണ്ടില്ലേ നീ,
ഭവ്യമാം വാഗ്ദാനങ്ങൾ നേർന്നനേർന്നിരിപ്പു നിൻ
ഭാവിയെ ധന്യമാക്കാൻ നാടിൻെറ നേതാക്കന്മാർ.
കണ്ണൊന്നു തുറക്കൂ നിൻ വോട്ടിൻെറ വിലയായി
മുൻകൂറു തന്നതാവുമീയരിയുഴക്കരി.
ഇല്ലില്ലിയധർമ്മത്തിൻവൈതാളിവൃന്ദത്തിനോ
ഇല്ലില്ല വോട്ടു, കണ്ണുതുറന്നില്ലവൾ പിന്നെ.

ഓമനക്കുഞ്ഞുങ്ങളേ, കരയൂ ,നിങ്ങൾ കേഴൂ
ഒന്നിച്ചുകേഴാമിവൾ പോയതു നമുക്കെല്ലാം.
കേരളജനകീയം അല്ലവൾ മരിച്ചുപോയ്
കേരളരാഷ്ട്രീയത്തിൻ സമ്മാനമാണീശവം.

ഈവഴി കടക്കുന്ന ജനമേ, പഥികരേ,
ഈശവമഞ്ചത്തിന്മേൽ കണ്ണുനീരില്ലേ തൂകാൻ?
ഗാന്ധിജി ജനിപ്പിച്ചു നെഹ്റുജി വളർത്തിയ
ഇന്ത്യതൻ ശവമഞ്ചമാണിതിൽ മാല്യം ചാർത്തൂ.

1964

# 'കാക്കുന്ന മാലാഖാ'

കുട്ടി:—

റോസപ്പൂപോലുള്ള പുഞ്ചിരിയും
വാത്സല്യമൂറുന്ന കണ്ണിണയും
പൊന്നാഭ തൂകുന്നൊരാടയിട്ടും
മിന്നലുപോലങ്ങു വന്നതെന്ത്യേ?
തോളിൽ മുളച്ച ചിറകുമായി
നീളെപ്പറന്നങ്ങു വന്നതെന്ത്യേ?
മാമലശൃംഗത്തിൽ കൂട്ടകെട്ടി
മേവുന്ന രാജാളിപ്പക്ഷിയാണോ?
മഞ്ഞുവിരിച്ചൊരു മാമലയിൽ
മേഞ്ഞുമട്ടത്തങ്ങു പോന്നതാണോ?

മാലാഖാ:—

ഓമനേ, നേരം മയങ്ങിടുമ്പോൾ
അമ്മതന്നങ്കമണഞ്ഞുനിത്യം
'കാക്കുന്ന മാലാഖാ' ചൊല്ലുകില്ലേ
'കാക്കുന്ന മാലാഖാതന്നെയീ ഞാൻ.

കുട്ടി:—

മാലാഖാമാരുടെ നാട്ടു ദൂരെ
സ്വർല്ലോകമാണെന്നാണമ്മ ചൊൽവൂ.
സ്വർഗ്ഗത്തിൽനിന്നിങ്ങു വന്നതെന്ത്യേ
ദുർഗ്ഗമപാതകൾ പിന്നിലാക്കി.

മാലാഖാ:—

സ്വർഗ്ഗത്തിലത്രേ ജനിച്ചതു ഞാൻ
സ്വർഗ്ഗത്തിലാണെൻെറ വീട്ടം നാട്ടം,
അച്ഛനുമമ്മയുമെല്ലാം ദൈവം
ഇച്ഛിക്കാൻ മറെറാന്നുമില്ലെനിക്കു്.

കുട്ടി:—

സുന്ദരമാകുമീ നാട്ടുകാണാൻ
ഉന്നതംവിട്ടങ്ങു പോന്നതാണോ?
കൂട്ടില്ല തേകനായ് പോന്നതെന്ത്യേ
ചേട്ടനും ചേച്ചിയുമങ്ങേക്കില്ലേ?
മാമലതോറും പറന്നുപോയി
മാമരക്കൊമ്പിൽ പറന്നിരുന്നു്,
പൂങ്കുലക്കുട്ടമിറുത്തു ചൂടാൻ,
പൂങ്കുയിൽ ഗാനം തകത്തുപാടാൻ,
ചെറുകാററിലാട്ടുന്ന മാമ്പഴങ്ങൾ
തെരുതെരെയെല്ലാം പറിച്ചുതിന്നാൻ,
പക്ഷികളൊത്തു കളിച്ചിടാനും
പക്ഷങ്ങളീവിധം തന്നതാരു്?

മാലാഖാ:—

കുഞ്ഞേ നിനക്കൊരു കൂട്ടിനായി
കൂടെ വസിക്കുവാൻ വിട്ട ദൈവം.
നീ ചൊല്ലും പ്രാത്ഥനയേററു വാങ്ങി
നീചെയ്യും പുണ്യങ്ങൾ കൂടെവാങ്ങി
ദൈവത്തിൻപക്കൽ പറന്നുചെന്നു്
ദൈവത്തിനായവ കാഴ്ചവച്ചു്
ദാനങ്ങളേറെ നിനക്കു വാങ്ങി
മാനത്തിലൂടെ പറന്നു പോരാൻ
പക്ഷങ്ങളീവിധം ചേത്തുതന്നു
മോക്ഷത്തിൻ നാഥനാം നല്ല ദൈവം.

കുട്ടി:—

ശാഠ്യം പിടിച്ചു കരഞ്ഞിട്ടമ്പോൾ,
കിട്ടുന്നതൊക്കെത്തകത്തിട്ടമ്പോൾ,

ചേട്ടൻെറ പാവ പിടിച്ചുപററി
ചേച്ചിയെ പായിച്ചു തല്ലിട്ടമ്പോൾ,
പ്രാത്ഥനചൊല്ലാൻ മടിച്ചിട്ടമ്പോൾ,
പ്രാത്ഥിക്കന്നോരെ തടഞ്ഞിട്ടമ്പോൾ
ദൈവത്തിൻപക്കൽ പറന്നുചെന്നു്
ദൈവത്തോടെല്ലാം പറഞ്ഞിട്ടമോ?

മാലാഖാ:—

സ്വർഗ്ഗത്തിൻ വാതില്ക്കൽനിന്നു ദൈവം
ഒക്കെയും കാണുന്നു വ്യക്തമായി.
പിന്നെയും ചോദിക്കമെണ്ണിയെണ്ണി
നന്നായി ചൊല്ലണമൊക്കയും ഞാൻ.

കുട്ടി:—

അങ്ങനെയെങ്കിലെൻ കൂടെ വാഴാൻ
അഞ്ചുന്നു പോരേണ്ട പൊയ്ക്കോ നാട്ടിൽ.
സ്വർഗ്ഗീയ ഭാഗ്യങ്ങളൊക്കെ വിട്ടു്
സിദ്ധാന്തിയെന്നുടെകൂടെ വാഴാൻ
അത്രയ്ക്കും നല്ലവനല്ല ഞാനെൻ
മിത്രമേയഞ്ചുന്നു പൊയ്ക്കോ നാട്ടിൽ.

മാലാഖാ:—

നിന്നെപ്പിരിഞ്ഞിനി പോക വയ്യ
നിന്നെയെൻസൂക്ഷത്തിനേകി ദൈവം.
നീ പോകും മാർഗ്ഗത്തിലെല്ലാമുണ്ടു്
നിന്നെ തുണയ്ക്കുവാനെപ്പോഴും ഞാൻ.
സൽക്കർമ്മമെപ്പോഴുമാചരിക്കാൻ
സൽബുദ്ധിയേതില്യമോതിട്ടും ഞാൻ,
ദുഷ്കർമ്മം വല്ലതും ചെയ്യിട്ടമ്പോൾ
ഉൾക്കാമ്പിൽ ഭീതിയുണത്തിട്ടും ഞാൻ.
നിന്നെ ചതിക്കാൻ വരുന്ന സാത്താൻ
എന്നെക്കടന്നു ജയിക്കയില്ല.
ജീവിതസായാഹ്നമെത്തിട്ടമ്പോൾ
ജീവൻെറ നാട്ടിലേക്കെത്തിക്കും ഞാൻ.
പക്ഷേ നീ ദുഷ്കർമ്മചാരിയായാൽ
മോക്ഷത്തിലേകനായ് പോകണം ഞാൻ.

കുട്ടി:-

തെററു പറഞ്ഞു, പൊറുത്തിടേണേ
തെററിയ പാതയിലില്ല മേലിൽ.
നല്ലതു മാത്രമെൻ ജീവിതത്തിൽ
നന്നായി ചെയ്യുവാൻ കാത്തിടേണേ.
അപ്പച്ചനോളം വളന്നിട്ടമ്പോൾ
ഒപ്പം നിൻ കൂട്ടത്തിൽ കൊണ്ടുപോണം.
ഇക്കാര്യമൊക്കെയും തമ്പുരാനോ-
ടങ്ങുന്നു ചെന്നു പറഞ്ഞിടേണേ.

1964

# കടലിന്റെ കവിത

നീലനീരാഴിയുടെ തീരത്തന്നൊരു ദിനം
നീരവം നിലകൊണ്ടെൻ മാനസം നിർല്ലീനമായ്.
ആ നീലക്കടലാസ്സിലെഴുതും കവിത തൻ
ആത്മഭാഷണത്തിന്റെ താഴ്ന്ന നീർച്ചാലിൽക്കൂടി
മാനസം ഊളിയിട്ടു; പ്രേമനാടകത്തിന്റെ
ഗാനവും മധുരവും ത്യാഗവും വിടരുന്നു.
പണ്ടേതോ കലാകാരൻ തൂലികത്തുമ്പാൽ തൊട്ടു–
വീണ്ഡലം വിതാനിച്ച കൈയാലീക്കടലാസ്സിൽ,
ഉടനെ വിരിഞ്ഞി‘ന്ദു’ മറ്റൊരു വിഹായസ്സിൽ,
മുടിയിൽ ചൂടാനതു മനുജൻ സ്പന്ദിക്കയായ്.

കല്ലോല കരങ്ങളാൽ തൊട്ടിലാട്ടിയും സദാ–
നിർല്ലോഭം പൊഴിക്കുന്ന താരാട്ടിലുറക്കിയും
ചൂടാക്കിത്തണുപ്പിച്ച വെള്ളത്തിൽ കുളിപ്പിച്ചും
കേടെന്യേ വളർത്തി തൻ കുഞ്ഞിനെ പാരാവാരം.
ഇന്നവൾ മുത്തശ്ശിയായ്, തൻ പേരക്കിടാങ്ങളി–
മന്നിന്റെ മടിത്തട്ടിൽ തിമിർത്തു മദിക്കുന്നു.

അച്ഛന്റെ കൈവിലാസഭംഗിയേ കണ്ടിട്ടുള്ളൂ,
അമ്മതൻ സ്നേഹത്തിന്റെ താരാട്ടേ കേട്ടിട്ടുള്ളൂ,
എന്നിട്ടീ കുഞ്ഞുമക്കളെങ്ങിനെ വിദ്വേഷത്തിൻ
പത്തികൾ വിടർത്തുന്ന, കാട്ടാളരായിത്തീർന്നു.
കല്ലുമായ് കളിച്ചൊരു പണ്ടത്തെക്കൊച്ചുനാളിൽ
വില്ലിനാൽ മൃഗങ്ങളെ മാത്രമേ കൊന്നിട്ടുള്ളൂ.
ആയുധം കൈയിലേന്തി പിന്നീടു കാടുവെട്ടി
ആയുസ്സു നീട്ടാൻ കൃഷി മാത്രമേ ചെയ്തിട്ടുള്ളൂ.

വീട്ടമായ് കുടിവെച്ചു കുട്ടംബം പട്ടത്തപ്പോൾ,
മേടയും പണ്ടങ്ങളുമൊന്നൊന്നായ് പെരുത്തപ്പോൾ,
കലയും കവിതയും മൊട്ടിട്ടും ചിത്തങ്ങളിൽ
തലയും കാണിച്ചെത്തി യാന്ത്രിക പരിഷ്ക്കാരം.
ശാസ്ത്രങ്ങളൊന്നൊന്നായി നേട്ടങ്ങൾ പട്ടത്തപ്പോൾ
മർത്ത്യനാ സ്വഗ്ഗത്തിലേ പൂജ്യമായ് ച്യുരുങ്ങിപ്പോയ്.
തൻപദമൂന്നും കൊച്ചു വൃത്തത്തിൽ തനിക്കായി
സമ്പത്തീ ജഗത്തിന്റെ കൂട്ടുവാൻ പിടഞ്ഞവൻ.
കൈകളും തലച്ചോറുമായുധപ്പുര; യന്യർ
കയ്യേറിയെടുക്കാതെ കാവലാണവനിന്നും.
നൂററാണ്ടാൽ പാകംവന്ന വിജ്ഞാനം ജനിപ്പിച്ച-
തൊററയ്ക്കു സവ്വം തീക്ഷ്മാഗ്നേയ ഗോളങ്ങളോ?
വായുവിൻ ചലനത്തെ പിടിച്ചു നിത്തിയവൻ
പായിപ്പു വിമാനങ്ങൾ മരണം വൈകിക്കാമോ?
ശൂന്യവാനിടത്തിലുമുയന്നു പറന്നെന്തോ
ശൂന്യമാക്കുവാനവൻ ച്യുററുന്ന പരുന്തുപോൽ.
അമ്മതൻ മാറിൽപ്പറ്റി * "പ്യൂബ്ളോ"കളൊളിച്ചാലും
ദുഷ്ടമവകാശമുഴക്കുമവിടേയും.
നൂററാണ്ടു താലോലിച്ച സംസ്കാരസമ്പത്തിന്റെ
ഈററില്ലമായിട്ടിന്നും നില്ക്കുന്ന ബർലിൻമതിൽ
സൃഷ്ടിച്ചും നശിപ്പിച്ചുമിക്കളിവിനോദങ്ങൾ
മുട്ടാളർ മക്കൾ ചെയ്യും, അമ്മയിന്നെന്തു ചെയ്യാൻ.

ഒക്കെയും നോക്കിക്കണ്ടു ചുണ്ടുകൾ വിതുമ്പിയും
മുക്കാലും കാലേ നര ചൂടിയ ശിരസ്സുമായ്,
നിത്യയൗവനകാന്തി ചിന്തേണ്ട മുഖത്തവർ
തീർത്തതാം ചാലിലൂടെ കണ്ണുനീരൊഴുക്കിയും
നിത്താതെ വിട്ടും നെട്ടുശ്വാസമാ പാദങ്ങളിൽ
ചേർത്തുചേർത്തവൾ തേങ്ങിക്കരയുന്നതു കാണ്മു.
വെൺനുരപ്പതമുക്കി തിരകൾ കുറിക്കുന്നു
ഇന്നുമീക്കടലാസ്സിൽ യുഗാന്തക്കവിതകൾ.

---

* പ്യൂബ്ളോ എന്ന കപ്പൽ

# അമ്മയുടെ അഭിനന്ദനം

ഒരു കാസപിടിച്ച പാണിയിൽ
ഇരുകൈയിൽ തിരുസൈത്തു പൂശിയും
അഭിഷിക്തപുരോഹിതൻ ഭവാൻ
അഭിനന്ദിക്കുകയാണു ഞാനിതാ.

മമജീവിതവല്ലരീസുമം
മമജീവൻ കൊതിപൂണ്ട സത്ഫലം
മമജീവിത പൊൻകിനാവു നീ-
യമരും ഭാഗ്യനികേതനം ഭവാൻ.

ഒരു നാളിലടുത്തിരുത്തി ഞാൻ
ഇരുപാണീമുകുളം പുണർന്നു നിൻ
കരകോരകമിന്നതിങ്കലോ
നരദൈവം കുടികൊണ്ടു വിസ്മയം.

പൊടിമണ്ണുമഴുക്കുമേററകൈ-
മടിയെന്യേ കഴുകിത്തുടച്ചു ഞാൻ
തിരുസൈത്തു പുരണ്ട പാണിയായ്
തിരുനാഥന്നേയെനിക്കു നൽകുവാൻ.

പലവർണ്ണമിയന്ന ഭൂഷകൾ
പലവട്ടം അണിയിച്ച കുഞ്ഞുമോൻ
തിരുവസ്ത്രമണിഞ്ഞു നില്ക്കയാ-
ണരുവാം മോദമതെന്തുമാത്രമെൻ.

ചെറുമുട്ടകളുന്നിയന്തികേ-
ചെറുകൈത്താരിണ കൂപ്പിയോമനേ
ചെറുനേത്രമുയർത്തി വിണ്ണിലേ-
ക്കെറിയുംമട്ട ജപിച്ചിരുന്ന നീ,

ബലിപീഠമതേറിയിന്നു നീ
ബലവാനേയിഹ യാനയിക്കുവാൻ
ഫലമാം ചില വാക്കു ചൊല്ലവേ
ബലിവേദിക്കണയുന്നു രക്ഷകൻ. (യുഗ്മകം)

അറിയാതിഹ ചെയ്ത തെററുകൾ
മറിവെന്യേ മമയേററു ചൊല്ലി നീ
പരദീനത പൂണ്ട പാപികൾ-
ക്കരുളാൻ ശാന്തി വരുന്ന ഭാവിയിൽ.

അലയാഴി കടന്നിട്ടുന്നവർ-
ക്കണയും സാഗരതാരമെന്നപോൽ
തിരുമുന്തിരിതോപ്പിലേറുവാൻ
ഒരു താരം തവ സോദരക്കു നീ.

കിളിനാദമുതിർത്തുകൊണ്ടു നീ-
ന്നിളതാം കൊച്ചു കിടാങ്ങളൊത്തു നീ
ഗുരുവേഷമണിഞ്ഞ ലീലകൾ
ഒരു നാളിൽ, പുനരോർത്തിടുന്നുവോ?

ഉരലിൻ മുകളേറിനിന്നു നീ-
ഒരു സിംഹാസന രൂഢനെന്നപോൽ
ചെറുനാദമുയർത്തിവിട്ടതും
ഒരു പ്രൌഢോജ്ജ്വല ഭാഷകൻെറപോൽ.

പലജീവിത കാമിതങ്ങളിൽ
പലതും പൂത്തു വിരിഞ്ഞു താവകം
അലയാന്നു ഗമിച്ചിടട്ടെയാ-
മലരിൻ സുമണമുന്നതങ്ങളിൽ!

പുത്രഭക്തികലന്നു ചൊല്ലി നിൻ
പരമേററം മഹനീയ പൂജ നീ
ശരിയെന്നു ധരിച്ചുകൊള്ളു മോൻ
കുരിശിൽത്തന്നെ തുടന്നിടേണ്ടവൻ.

അഭിനന്ദനവർഷജാലവും
അഭികാമ്യം പരിതോഷികങ്ങളും
നവകാൽവരി മുൾപടപ്പിലേ
നവജാതർ സുമമാണു നിശ്ചയം.

തുടരും ബലിയാണു ജീവിതം
തുടരും കാൽവരിയാണു ജീവിതം
തുടരും തിരുരക്തവർഷവും
മടിയിൽപ്പെട്ടണു പോയിടല്ലെ മോൻ.

ഒരു നീണ്ട വയൽപ്പരപ്പു നി-
ന്നരുകിൽത്തന്നെ വിളഞ്ഞുനില്ലുയാം
അരിവാളുപിടിച്ചു കൊയ്യുവാൻ
ത്വരിതം പൂണ്ടു നടന്നുകൊള്ളു നീ.

ഇനിയെൻെറതു മാത്രമല്ല നീ
ജനതക്കായി തെരിഞ്ഞെടുത്തവൻ
അതിവിസ്തൃത ഗേഹമൊന്നിലേ
അധിനാഥൻ പ്രിയ താതനാണു നീ.

ഇടയൻെറ വടിക്കുമാത്രമേ
ഇടയുള്ളു തവ കൈകളിൽപ്പുരം,
അടിയേകി ഭരിച്ചിടാതതു-
മടിക്കൂടാതെ തട്ടത്തു കൂട്ടുവാൻ.

തലയൊന്നു ചരിച്ചു വയ്ക്കുവാൻ
സ്ഥലമില്ലാതെ നിനക്കു വന്നിടാം
പല കാൽവരി പൊന്തിവന്നിടാം
പല യൂദാസ്സു നിരന്നു വന്നിടാം.

പല മാതിരി നന്മകൊണ്ടവർ
പല പത്രോസു ത്യജിച്ചു ചൊന്നിടാം
ഒരു കാര്യമകം ധരിക്ക നീ-
ഒരു നാളും പ്രതിനന്ദി തേടിടാ.

ഒരു കാൽവരി തൊട്ട പിന്നിലായ്
ഒരു താബോർ സവിധത്തിലെത്തിടാം
കുരിശിൻനിര മാത്രമല്ലയാ-
നിരയിൽ സ്വർഗ്ഗവുമുണ്ട പുല്കുവാൻ.

പല ലാസറുയിർത്തിടുന്നതും
പല ധൂർത്തർ പുനരാഗമിപ്പതും
പല മഗ്ദലരേററിടുന്നതും
പലവട്ടം നിജ കണ്ണുകണ്ടിടാം.

തവ കാലിണ ചേർന്നുകേഴുവാൻ
സവിധേ മഗ്ദലരുണ്ട നിശ്ചയം
തവനാദമുയർന്നു കേൾക്കുവാൻ
ശവമഞ്ചത്തിലണഞ്ഞ ലാസറും.

തവ പാണി പിടിച്ചു കേറുവാൻ
ഭവനം വിട്ടൊരു ധൂർത്തരുണ്ടിനി
'ചെവിയൊന്നു തുറന്നു കിട്ടുവാൻ'
അവശർ പിന്നെയുമുണ്ട 'കാണുവാൻ'.

ദയനീയത പൂണ്ട വാഴ്വവോർ
നിയതം തെല്ലുസമാശ്വസിക്കുവാൻ
ദയപൂരിതനേശുവിന്നു നീ
വഴിതോറും രഥമായി നീങ്ങിടൂ.

വെയിലത്തുതിരുന്ന മാരിപോൽ
പൊഴിയട്ടേ തവ വാണി മർത്ത്യരിൽ
മരുഭൂവിലെ ശാന്തിതെന്നലായ്
മരുവട്ടേ തവ ജീവപാതകൾ.

എവിടേക്കു വിളിപ്പു സേവനം
അവിടെത്തന്നെ ഗമിച്ചുകൊള്ളു മോൻ
ഭുവനേ നരജീവനാന്നതാ-
മെവരും നിൻെറ ജനിത്രി, സോദരർ.

മമ ഭാവുകമുണ്ടുകൂടെ നിൻ
മകനേ ഭൗതികമല്ലൊരിക്കലും
അഭിഷിക്തനു ചേന്ന നന്മ ഞാ-
നഭിവാഞ്ഛരിക്കകയാണു നിൻെറമേൽ.

ഒരു പുഞ്ചിരിയൂന്നു നില്ക്കണം
വെറുതേയല്ലതു ചുണ്ടിലെപ്പോഴും
കരളിൻെറയഭൗമശോഭയാ-
പ്പുറമേവന്നു വിരിഞ്ഞതാവണം.

ഒരു കാന്തി വിരിഞ്ഞു നില്ക്കണം
കരിപോലുള്ളു കറുത്ത കണ്ണിലും
പരനീശനകത്തു വാഴ്വതിൻ
പരമായുള്ള വിളക്കുതന്നെയായ്.

ഇനിയില്ലയെനിക്കു കാമിതം
ഇനിമേലിൽ തവ പേരിലൊന്നുമേ-
ഇനിയെന്നെ നിനച്ചിടേണമേ
ദിനവും താവക യാഗവേദിയിൽ.

ചെറുജീവിത ദീപമെൻെറയും
മറയും ജീവിതസന്ധ്യവേളയിൽ
മറുജീവിതനാട്ടു പുല്കുവാ-
നരുകിൽനിന്നു തുണയ്ക്കുമല്ലൊ നീ.

ഇരുകാൽ കുഴയുന്ന വേളയിൽ
ഇരുകൈകൾ തളരുന്ന വേളയിൽ
ഇരുകണ്ണുമുയർത്തിനോക്കുവാ-
നരുകില്ലീശനെ സംവഹിക്കു നീ.

കരിമേഘമിരുണ്ട കേറവേ-
ഇരുളിൽ സൂര്യനണഞ്ഞു പോകവേ
തിരമാലയടിച്ചു കേറവേ
ഒരു മിന്നൽ പ്രഭയായി വന്നിടൂ.

1963

---

സഹോദരൻെറ നവപൂജാപ്പ്ണവേളയിൽ എഴുതിയത്ു്.

# ശവപ്പെട്ടി

രാത്രി ഭീകരമായിരുന്നന്നു
ചന്ദ്രികാലേശമില്ലാതെ.
കൂരിരുൾ പിളർന്നെത്തിനോക്കുവാൻ.
താരങ്ങൾ ശക്തരായില്ല.

ക്ഷീണമാന്നു ഞാൻ പോയിക്കിടന്നു
കണ്ണുംപൂട്ടിയുറങ്ങുവാൻ,
കണ്ണുകൂട്ടിയടച്ചപ്പോഴെന്റെ
മുന്നിൽ കണ്ടൊരു ഭൂലോകം.
കണ്ടു ഞാനൊരു പ്രേതമഞ്ചമാ—
പെട്ടിക്കുണ്ടൊട്ടു വിസ്തൃതി.
സൌന്ദര്യംപോയി വൈരൂപ്യം പൂണ്ട
മർത്ത്യനതിൽ ശയിക്കുന്നു.

അംഗങ്ങളൊന്നുമില്ലതാതിന്റെ
ഭംഗിയിൽ മൃതദേഹത്തിൽ.
തീവണ്ടി കൂട്ടിയേററതല്ലതു—
യീവിധം മുറിയാകുവാൻ.

ഭീതികൈവിട്ടു ഞാനടുത്തെത്തി
ഒത്തപോലതു ചേർക്കുവാൻ.
കണ്ണുകൾ രണ്ടും സ്ഥാനത്തുവച്ചാ—
കണ്ണുകൾ സ്വയം മാറിപ്പോയ്.
കൈകൾ രണ്ടും അടുക്കുന്നില്ലതു
മുകമായ്ത്തെന്നിമാറിപ്പോയ്.
പാദങ്ങൾരണ്ടും ചേരുന്നില്ലവർ—
ക്കിത്തിരിയല്ല വൈരാഗ്യം.

എല്ലാവിദ്യയും തോററുമാറിഞ്ഞാ—
നല്ലലിൽ മുങ്ങിനില്ക്കവേ,
"പോകയാണു ഞാനെന്റെയീപ്പെട്ടി—
ക്കാകവേയേററു ജീർണ്ണത"
കേട്ടഞ്ഞാനൊരു നേരിയ സ്വരം
പെട്ടിക്കുള്ളിൽ, ഭ്രമിക്കവേ,
നേർമ്മയുള്ളൊരു കാററു പൊങ്ങിപ്പോയ്
ഇമ്മലനാടിന്റാത്മാവാം.
മണ്ണിൽനിന്നതുപോയതായിടാം
വിണ്ണിൽ ഗാന്ധിയിൽ ചേരുവാൻ.
അന്ത്യോപഹാരമായി ഞാനേകി
ചിന്തി രണ്ടിററു കണ്ണുനീർ.

1995

# എന്തേ ഈ കണ്ണീർ?

ഇരുളേറിയ പാതിരാവ്വയീ-
ധരയിൽ വന്നുപിറന്ന ദൈവമേ,
കരളിൻെറയകത്തു നിന്നെ ഞാൻ
കരുതിക്കാത്തു കഴിഞ്ഞതെത്ര നാൾ?

മിഴിനീരു നിറഞ്ഞു കാണുവാൻ
വഴിയെന്ത്യേ തവകണ്ണിലിവിധം?
അഴലിൻെറ നിഴൽ വിരിച്ച നിൻ
വഴികൾ ഭാവന കണ്ടിട്ടുന്നുവോ?

അഴകേറിയ വാനദൂതരും
മഴപോൽ തൂകിയ ഗാനധാരയും
വഴികാട്ടിയ താരവും ജവം
വഴിപോൽത്തന്നെ മറഞ്ഞുപോയതോ?

ചെറുകൺകളുയർത്തി ദൂരെയാ-
ച്ചെരുവിൽത്തന്നെ തറച്ചതെന്തു നീ
ഗിരി കാൽവരി കണ്ടിട്ടുന്നുവോ
കുരിശും മൂന്നതിലങ്ങു കണ്ടുവോ?

അമലോത്ഭവയായൊരമ്മ ത-
ന്നമരും ച്ചുംബനമേററിട്ടമ്പൊഴും
ചെറുചുണ്ടു വിതുമ്പിടുന്നു നീ
"ഗുരുവേ സ്വസ്തി"യതോത്തു കാണുമോ?

ഒരു ശിഞ്ജിതനാദമെത്തവേ
ചെറുതായൊന്നു ഭയന്നുവോ ഭവാൻ
ശരി, 'മുപ്പതു വെള്ളിനാണയം'
കരളിൽത്തന്നെ കിലുങ്ങിടുന്നു നിൻ.

നരജീവനെ വേട്ടയാടുവാൻ
കരളിൽ ദുഷ്ടതമൂത്തു ബാലകർ
തെരുവീഥി നിരന്നു ചൈനയിൽ
പൊരുതും കാഴ്ച സഹിക്കയില്ല നീ.

ചെറുകൈകളിലേന്തി കല്ലുകൾ
അരുമക്കൊച്ചുകിടാങ്ങൾ പോലുമേ
എറിയാൻ തരമോർത്തു നിൽക്കയാ-
ണരുവാം ഭാവിയതെത്ര ഭീകരം.

ചില വാശിമുഴുത്ത മാനവ-
തലവന്മാർക്കിരയായ കാരണം
തുലയുന്ന ജനങ്ങളും നശി-
ച്ചുലയും രാഷ്ട്രവുമങ്ങു കണ്ടുവോ?

സുഖമാകെ തനിക്കു കിട്ടുവാ-
നകമേ വാഞ്ഛ മുഴുത്ത മാനവൻ
സഹജീവി വളർന്നുകാണുവാൻ
സഹിയാതായുധമേന്തി നിൽക്കയാം.

തവ മേഷഗണം ചരിച്ചിടു-
ന്നവിടെ വ്യാഘ്രഗണം കടക്കയാൽ
കടിയേററവ വീണുകാൺകകൊ-
ണ്ടിടയൻ നൊന്തു കരഞ്ഞിടുന്നുവോ?

അതിലും ദയനീയമോർക്കുകിൽ
അതിവാത്സല്യമെഴുന്നൊരാടുകൾ
അതിക്രൂരതയാർന്നു സിംഹമായ്
ഗതിമാറുന്നതുമെത്രകണ്ടു നീ.

ചെറുപുഞ്ചിരി ചുണ്ടിലെങ്കിലും
കരമേയുണ്ടൊരു തോക്കുമൊപ്പമായ്
അധരം മധുരോക്തി തൂകവേ
ഹൃദയേ രോഷമുയർന്നു നിന്നിടും.

ഒരു പാണി പുണർന്നു നില്ക്കവേ,
കരുതും ബന്ധനമാണു മററതിൽ
നറുചുംബനമാർന്ന ചുണ്ടിണ-
ക്കുരികേയുണ്ട വിളഞ്ഞ മൂർഖനും.

ഇതുതന്നെ ഭവാനു പോകുവാൻ
ക്ഷിതിയിൽ മാനവനേകിടും വഴി
ഇതുതന്നെ ഭവാൻെറ ചേവടി
പദതാർ വച്ചു വരിക്കുമേവനും.

തുടരും കുരിശാണു മാനവൻ
തുടരും ക്രൂശിതനാണു ദേവ നീ
അടിയൻ കുരിശേറിടാമിനി,
ചുടുരക്തം ബലിയായുമേകിടാം.

വഴിതെററി നശിച്ച ലോകമി-
ന്നുഴറിത്തേടുകയാണു ശാന്തിയെ
മഴപോലുതിരട്ടെ ശാന്തി നീ-
വഴിയായ് മാനവ മാനസങ്ങളിൽ!

1966

# സ്വർഗ്ഗത്തിലും യുദ്ധം!

കുട്ടി:

ഉണ്ണി നീയെന്തിനീ കാലിക്കൂട്ടിൽ
വിണ്ണിൻെറ ഭാഗ്യങ്ങൾ വിട്ടുവന്നു?
പാക്കിസ്ഥാൻ യുദ്ധത്തിനങ്ങു വന്നോ
ചെങ്കൊടി നാട്ടുവാൻ ചീനവന്നോ?

ഉണ്ണിയീശോ:

യുദ്ധങ്ങൾ സ്വർഗ്ഗത്തിലില്ല കുഞ്ഞേ
നിത്യവും സൗഭാഗ്യമാണവിടെ,
ഒന്നാണു സ്വർഗ്ഗത്തിലെല്ലാവരും
ഭിന്നതകൂടാതെ സ്നേഹിക്കുന്നു.

കുട്ടി:

എന്നും വഴക്കാണെൻ നാട്ടിലെല്ലാം
ഭിന്നതയാണെൻെറ വീട്ടിൽപ്പോലും,
യുദ്ധമാണേതേതു രാജ്യത്തിലും
എന്താണു ശാന്തിക്കു മാർഗ്ഗമുണ്ടോ?

ഉണ്ണി:

യുദ്ധം തുടങ്ങുന്നു ഹൃത്തടത്തിൽ
തൃപ്തിലഭിക്കാത്ത മർത്ത്യനുള്ളിൽ,
ഉള്ളിൽ തിളയ്ക്കുന്ന കോപം ഭുവിൽ
ആളിജ്ജ്വലിക്കുന്നു യുദ്ധമായി.

കുട്ടി:

ഉള്ളിലെ യുദ്ധം കെടുത്തുവാനായ്
ഉള്ളോരു പോംവഴി ചൊല്ലിടാമോ?
എന്തും ഞാൻ ചെയ്തിടാം ഭുവിൽ ശാന്തി
സിദ്ധിക്കാൻ മാർഗ്ഗം നീ ചൊല്ലിയാലും.

ഉണ്ണി:
വത്സാ നിന്നാശയെൻ ഹൃത്തടത്തിൽ
വാത്സല്യമേററുന്നു നിന്നോടേറെ.
കുഞ്ഞിനെപ്പോലെയീ മർത്ത്യരെല്ലാം
കുഞ്ഞായി ദൈവത്തിലെത്തിയെങ്കിൽ!
ദൈവത്തിൽ നിന്നേ ലഭിക്കു ശാന്തി
ദൈവത്തെ മാനവർ സ്നേഹിക്കേണം.

കുട്ടി:
ഉണ്ണീശോ നീയല്ലേ ദൈവംതന്നെ
ഉണ്ണീശോ നിന്നെ ഞാൻ സ്നേഹിക്കുന്നു.
നിന്നെ ഞാൻ വീട്ടിലും കൊണ്ടുപോകാം
നിന്നെ എല്ലാവരും സ്നേഹിക്കുവാൻ.

ഉണ്ണി:
സ്നേഹം വിതയ്ക്കുവാൻ വന്നു ഞാനീ-
സ്നേഹരഹിതമാം മന്നിടത്തിൽ
മാമകസ്നേഹത്തിൻജോലിചെയ്യാൻ
ഓമനേ, കൂട്ടത്തിൽ പോരുമോ നീ?

കുട്ടി:
ഞാനൊരു ദുർബ്ബല പൈതലല്ലേ
ഒന്നും കഴിയാത്ത കൊച്ചുകുട്ടി,
ലോക വൻശക്തികൾ തോക്കെടുക്കേ
നോക്കിക്കരയുവാൻ മാത്രമുള്ളോൻ.

ഉണ്ണി:
സ്നേഹിക്കാൻ ഹൃത്തടമുണ്ടോയെന്നാൽ
സ്നേഹം സർവസ്വവും നേടിക്കൊള്ളും,
സ്നേഹിക്കു കുഞ്ഞേ നീ സർവ്വരേയും
ദ്രോഹിക്കും ശത്രുവെപ്പോലും ഭൂവിൽ.
സ്നേഹത്തിൽമാത്രമേ ദൈവം വാഴൂ
സ്നേഹത്തിൽമാത്രമേ ശാന്തിയുള്ളൂ.

കുട്ടി:
ഈശോ ഞാൻ സ്നേഹിക്കാമേവരേയും
ആശയുണ്ടേവരും നിൻേറതാകാൻ;
വേഗം ഞാനൊന്നു വളന്നിടട്ടേ,
ലോകം ഞാൻ നിൻകൊടിക്കീഴിലാക്കും.

ഉണ്ണി:

ഹൃത്തടംതോറും ജനിക്കണം ഞാൻ
മർത്ത്യന്നു ശാന്തി ലഭിച്ചിടുവാൻ,
യുദ്ധമില്ലാത്തൊരു ലോകത്തിങ്കൽ
നിത്യസംതൃപ്തി വിരിഞ്ഞു നില്ക്കാൻ.

# ഏന്തിന്നീ കുരിശ്ശുകൾ

1

ഞാനെൻെറ തോട്ടത്തിൽ മാരിനോക്കി
അന്നൊരു റോസിൻെറ കമ്പുനട്ടു.
വെയിലത്തു വാടാതെ ചൂടലേകും
മഴയത്തു ഞാനതു മാററിവയ്ക്കും.
പുലരികൾ തോറും ഞാൻ പോയി നോക്കും
വളരുന്നോരാശകൾ ഉള്ളിലേന്തി.
അന്തിക്കു വീണ്ടും ഞാൻ പോയി നോക്കും
ഇത്തിരി തണ്ണീർ തളിച്ചു പോരും.
തളിരുകൾ മെല്ലെക്കിളിർത്തു പൊങ്ങി
പുളകിതമാശകൾ ഉള്ളിൽ തിങ്ങി.

ഒരു മൊട്ടു മെല്ലെന്നുദിച്ചു കണ്ടു
ഒരു മോദസിന്ധുവെന്നുള്ളിൽപ്പൊട്ടി.
ഇതളുകൾ മെല്ലെ വളർന്നു വന്നു
മനതാരിലാശകൾ പാകിപ്പാകി.
നാട്ടുകടക്കുന്നോരന്ത്യ സൂര്യൻ
നാട്ടാർക്കു മംഗളം ചൊല്ലിപ്പോകേ,
പിറേറന്നു കലേ വിരിഞ്ഞുകൊള്ളാൻ,
നെററിയിൽ ചുംബിച്ചനുഗ്രഹിച്ചു.
ഞാനുമെന്നാശിസ്സു നല്കി മാറി
അന്യൂനം രാവിൽ വിരിഞ്ഞു കാണാൻ.

പാതിരാക്കോഴികൾ കൂവിയപ്പോൾ
മെത്തയിൽ ഞാനുമുണർന്നിരുന്നു.
പാതിരാക്കാററു കടന്നു ചൊല്ലി

പാതിരാപ്പൂക്കൾ വിരിഞ്ഞുവെന്നു്.
പിന്നാലെയെത്തിയ തെന്നലോതി
പനിനീർപ്പൂപാതി വിട്ടർന്നുവെന്നു്.
വഴിവിട്ടു മാറുക കൂരിരുളേ
വഴി നോക്കിപ്പോകട്ടെ പൂവു കാണാൻ.
പിന്നെയും മാറാതെ നിന്നു രാത്രി
മാന്യതയററ വിരുന്നുകാരൻ.
അക്ഷമയോടെ ഞാൻ കാത്തിരുന്നു
തൽക്ഷണം സൂര്യനുദിച്ചു കാണാൻ.

പുലരികുമാരിയാൾ യാത്രയായി
പുലരിക്കു കാഹളം കോഴിയൂതി.
വാതിൽ തുറന്നു ഞാനോടി റോസ
പ്പൂവൊന്നു കാണുവാനാർത്തിയോടെ.
വാതില്ക്കൽ സ്തംഭിച്ചുനിന്നുയെൻെറ
ഹൃത്തിലൊരഗ്നിവാൾ പാഞ്ഞുകേറി.
പൂവില്ല പൂമണമില്ലവിടെ
പൂവേതോ ശത്രുക്കൾ കൈക്കലാക്കി.
ഒരു തുള്ളിക്കണ്ണീർ വിതുമ്പിനിന്നാ-
ചെറുകാററിൽ തേങ്ങുന്ന കൊച്ചിലയിൽ.
ഒരു നൂറു വിപ്ളവം പൊട്ടിയെന്നിൽ
ഒരു നെട്ടശ്വാസം പുറത്തുവന്നു.
അല്ലതാ താഴെക്കിടപ്പു ശിഷ്ടം
അല്ലികളോരോന്നും വണ്ടു തിന്നു.
"റോസേ‍സയെൻ വത്സേ നീയെന്തു ചെയ്തു
റോസപ്പൂ വണ്ടുകളാക്രമിക്കാൻ?"

"സൌന്ദര്യ സൌരഭ്യ മുമധുവെൻ
സ്വന്തമാണെന്നു നിനച്ചുനില്ക്കേ
വണ്ടുകൾ ശൃംഗാരം പാടിവന്നു
വിഡ്ഢി ഞാൻ ഗാനത്തിൽ ലീനയായ്പ്പോയ്
സ്നേഹത്തിൽ പുഞ്ചിരി തൂകിവന്നോൻ
സ്നേഹിതനെന്നു ഗണിച്ചുപോയി.

മധുവെല്ലാമൂററിക്കുടിക്കുവോളം
മധുവൊത്ത പ്രേമം നടിച്ച നീചൻ
മധുതീർന്നു, നന്നായ് വിരിഞ്ഞതില്ല
അതിനീചമെന്നെയരിഞ്ഞു വീഴ്ത്തി.

## II

പിന്നെയും മരതക പച്ചിലകൾ
ഒന്നൊന്നായ് പലതും വിരിഞ്ഞു വന്നു.
ഒരു മൊട്ട വീണ്ടും ശിരസ്സുകാട്ടി
ഒരു കുളിർ തെന്നലെന്നുള്ളിൽ വീശി.
അന്നും കതിരവൻ ചുംബിച്ചോതി
"മിന്നി വിരിയുക പൂവലാംഗി"
ഞാനുമെന്നാശിസ്സു നല്കി വീണ്ടും
"ഉന്നതൻ നിന്നെത്തുണച്ചുകൊള്ളും."
പാതിരാക്കാററും വന്നുചൊല്ലി
"പൂവു വിരിയുന്ന നേരമായി."
"പോകുക തെന്നലേ ശാന്തമായി
നോക്കുവാൻ രക്ഷകനുണ്ടവൾക്ക്."
ആ ശുഭചിന്ത നുണഞ്ഞു വീണ്ടും
ആശ്വാസമോടെ കിടന്നുറങ്ങി.
പുലരി കുണുങ്ങിക്കുണുങ്ങിയെൻെറ
തലയിണ ചേർന്നു ചിരിച്ചു ചൊല്ലി.
'പനിനീർപ്പൂ ചന്തം വിരിഞ്ഞ കണ്ടോ
പരിമളമെങ്ങും പരന്ന കണ്ടോ?"

കണ്ണുകൾ മേല്പോട്ടയർത്തിമെല്ലെ
വിണ്ണിൻെറ നാഥനോടർത്ഥിച്ചു ഞാൻ
"നാഥാ നിൻ തോപ്പിൽ വിരിഞ്ഞു നില്ക്കും
പുത്തൻ പൂവൊന്നു ഞാൻ കണ്ടിടട്ടെ."
ആമോദമോടെ തിട്ടക്കമെന്യേ
ആ മലർ നോക്കി ഞാനേറെ നിന്നു.
"ഞാനല്ല ഞാനല്ലുടമ ദൈവം"
മന്ത്രിച്ചു വീണ്ടും ഞാൻ പൂവുനോക്കി.

അന്തിവന്നെത്തുന്നതിനുമുമ്പേ
ശക്തിയായ് കാററൊന്നിരച്ചു വന്നു.
പേമാരി താണ്ഡവഘോഷമായി
പേക്കലി തുള്ളുന്ന കാററുമൊത്ത്.
പൂമരമോരോന്നൊടിഞ്ഞുവീണു
ഭൂതലം പൂക്കളുമായി മാറി.
മഴയെ മരുത്തു വരിച്ചതിൻ പൂ-
മഴയിപ്പോൾ പെയ്യുന്നതായിരിക്കാം.
കൈകോർത്തു നൃത്തം ചവുട്ടിമാറി
കാററും പേമാരിയും ദൂരെ മാറി.

ആശങ്കയോടെ ഞാൻ നോക്കിയപ്പോൾ
റോസപ്പൂ ഞെട്ടററു വീണിരുന്നു.
ശാഖകളൊട്ടു മുറിഞ്ഞു താഴെ
യുദ്ധക്കളംപോൽ കിടന്നിരുന്നു.
ഇന്നെന്നിൽ വിപ്ളവം പൊട്ടിയില്ല
കണ്ണുനീരൊട്ടു പൊടിച്ചുമില്ല.
ശാന്തമായ് ചോദിച്ചി''തെന്തുപററി
ശക്തിയായ് കാററൊന്നലച്ചുവല്ലേ?''
ഒന്നുഞാൻ ചോദിച്ചു നാഥനോടായ്
''ഇന്നും ഞാനങ്ങേക്കു ശത്രുവാണോ?
എന്തിനീ പേമാരി വിട്ടുകൂടെ
ശക്തിയായ് കാററുമഴിച്ചു വിട്ടു.
റോസിൻെറ കൊമ്പു മുറിഞ്ഞുപോയി
റോസപ്പൂവാകെക്കൊഴിഞ്ഞുപോയി.''

ഒരു കൊച്ചു പുഞ്ചിരി തൂകി നാഥൻ
തിരുവാക്യമൊന്നിങ്ങടർന്നു വീണു.
''ആകാശത്തട്ടുകൾ തീർക്കുംമുമ്പേ
ആഗോളമെല്ലാം ചമയ്ക്കുംമുമ്പേ
നിത്യതപം തൊട്ടു ഞാൻ കാത്തിരുന്ന-
തത്രേയീ റോസു വളത്തുവാനായ്
മുളയ്ക്കുവാൻ നല്ലിനം മണ്ണുവേണം
വളരുവാൻ ധാരാളം വെള്ളം വേണം.

നോക്കുവാൻ, കാക്കുവാനാളുവേണം
ഒക്കെയും മുൻകൂട്ടി കണ്ടിരുന്നു.
കൈനീട്ടി ഞാനൊന്നനുഗ്രഹിച്ചു
കുമ്പൊന്നു വേഗം കിളുർത്തുവന്നു.
കൈതൊട്ടു മെല്ലെത്തലോടിയപ്പോൾ
പത്രങ്ങൾ ചുററും വളർന്നുപൊങ്ങി.
പുഞ്ചിരിച്ചൊന്നു ഞാൻ നോക്കിയപ്പോൾ
പുഷ്പമാ ഞെട്ടിൽ വിരിഞ്ഞുനിന്നു.''

''വാസ്തവമാണങ്ങു ചൊന്നതെല്ലാം
എന്തിനീ ക്ലേശങ്ങൾ നല്കിപിന്നെ.''

''അന്യോന്യം സ്നേഹിക്കുന്നെന്നു സാരം
അന്യത്ര സ്നേഹം വളരുകില്ല.''

# ഉണ്ണി ഈശോയോട്

കുട്ടി:

എന്തിനെൻ പൊന്നുണ്ണി സ്വർഗ്ഗം വിട്ടി–
ട്ടെന്തിനീ കാനന കാലിക്കൂട്ടിൽ
സ്വർഗ്ഗത്തിലെന്തും ലഭിക്കുകില്ലേ
സ്വർഗ്ഗത്തിലെന്നും സൌഭാഗ്യമല്ലേ.

ഉണ്ണിയീശോ;

എൻകുഞ്ഞേ സ്വർഗ്ഗത്തിൽ ഭാഗ്യമെന്നും
ദുഃഖിക്കാൻ സ്വർഗ്ഗത്തിൽ സാദ്ധ്യമല്ല.

കുട്ടി;

തേൻതുള്ളിതൂകുന്ന പൂക്കളില്ലേ
തൂമണം പേറുന്ന തെന്നലില്ലേ.

ഉണ്ണിയീശോ:

സ്വർഗ്ഗീയ വാടിയിൽ സിദ്ധരെന്നും
മോഹന തൂമലരായി നിൽപൂ
ശാന്തിതൻ സൌഭാഗ്യത്തെന്നലെങ്ങും
ശാന്തമായ് തെന്നിയൊഴുകിടുന്നു.

കുട്ടി:

സ്വർഗ്ഗത്തിൽ പൂങ്കുയിൽ പാടിടുമോ
സ്വർഗ്ഗത്തിൽ പൈങ്കിളിക്കൂട്ടരുണ്ടോ.

ഉണ്ണിയീശോ;

മാലാഖാവൃന്ദങ്ങൾ പാടിടുന്നു
സ്വർല്ലോകസുന്ദര പാട്ടു നിത്യം.

കുട്ടി:

ചേച്ചിമാർ പാടുന്ന പാട്ടുപോലെ
മെച്ചമാം പാട്ടവർ പാടിടുമോ.

ഉണ്ണിയീശോ:

നിത്യമാം സ്നേഹത്തെ കീർത്തിക്കുന്ന
ഉത്തമ ഗാനങ്ങൾ ഭൂവിലില്ല.

കുട്ടി:

പൂമ്പാററ പാടിക്കളിച്ചിട്ടുമോ
മാമ്പഴം വേണ്ടോളം കിട്ടിട്ടുമോ.

ഉണ്ണിയീശോ:

പാടിപ്പറക്കുന്നു ദൈവദൂതർ
ശ്രേഷ്ഠമാം സ്നേഹം ഭുജിച്ചുകൊണ്ടു്.

കുട്ടി:

പൊന്നാഭ തൂകുന്ന ബാലസൂര്യൻ
മിന്നുമോ സ്വർഗ്ഗീയ മേടതന്നിൽ.
അന്തിക്കതിരോനെ കണ്ടിടാമോ
അന്തിക്ക സ്വർഗ്ഗത്തിൽ വന്നുചേർന്നാൽ.

ഉണ്ണിയീശോ:

ആദിയുമന്തവു മേററിടാത്തോ-
രാദിത്യൻ സ്വർഗ്ഗത്തിലുണ്ടു കുഞ്ഞേ
ഞാനാണു നിത്യം വിളങ്ങിടുന്ന
അന്യൂനമ യോരാ ദിവ്യസൂര്യൻ.

കുട്ടി:

താരകരത്നം പതിച്ചുമിന്നും
താരക മേൽക്കട്ടിയുണ്ടോ സ്വർഗ്ഗേ.
പാലൊളി തൂകുന്ന ചന്ദ്രനുണ്ടോ
നീലിമയോലുന്ന വാനമുണ്ടോ

ഉണ്ണിയീശോ:

സ്വർഗ്ഗത്തിൽ സിദ്ധർ തെളിഞ്ഞുമിന്നും
ആകാശത്തട്ടിലെ താരംപോലെ.
നിർമ്മലമായോരു വാനലോകേ
നിർമ്മല ചന്ദ്രികയാണെന്നമ്മ.

കുട്ടി:

കളകളം പെയ്യുന്ന കാട്ടാറുണ്ടോ
കളികളിൽ ചേരുവാൻ തോഴരുണ്ടോ.

ഉണ്ണിയീശോ:

സ്നേഹസരിത്തുണ്ട പായുന്നെങ്ങും
സ്നേഹിതർ വാനവരെത്രയേറെ.

കുട്ടി:

അല്ലല്ല കാര്യം ഗ്രഹിച്ചതിപ്പോൾ
അല്ലല്ല കൂടാതെ ചൊല്ലിടാം ഞാൻ.
മാധുര്യമേറുന്നോരമ്മ തൻെറ
മാധുര്യാലിംഗനമാസ്വദിപ്പൻ
വാത്സല്യം സ്പന്ദിക്കും ഹൃത്തടത്തിൽ
ഉത്സാഹമോടെ ചരിഞ്ഞുകൊൾവാൻ
പീയൂഷം വർഷിക്കും 'രാരിര' ങ്ങൾ
ആയാസമെന്യേ ശ്രവിച്ചുറങ്ങാൻ.

ഉണ്ണിയീശോ:

മാധുര്യമാണമ്മയെങ്കിലും ഞാൻ
ഭൂതലേ വന്നതു വേറെകാര്യം.

കുട്ടി:

എങ്കിലൊന്നിപ്പോൾ പറഞ്ഞുകൂടെ
എങ്കിലും ഞാനൊരു തോഴനല്ലേ.

ഉണ്ണിയീശോ:

ഓമനേ നിന്നെയെൻ സ്വന്തമാക്കാൻ
ഇന്മഹിതന്നിൽ പിറന്നു സത്യം.

കുട്ടി:

എങ്കിലെൻ കൂട്ടത്തിൽ പോന്നിടേണേ
എങ്കിലോ ഞാനെത്ര ധന്യനായി.
വീട്ടിലെ മെച്ചമാം കൽത്തളത്തിൽ
പട്ടിൻെറ സ്നിഗ്ദ്ധമാം മെത്തതന്നിൽ
എന്നമ്മ നിന്നെ കിടത്തിക്കൊള്ളും
എന്നേക്കും കൂട്ടിനായ് നിന്നിടാം ഞാൻ.
പാലും പഴങ്ങളും അമ്മ നൽകും
ചേലിൽ ഭുജിച്ചങ്ങു വാണിടാം നാം.
മിന്നുന്ന മാലയും പട്ടുടുപ്പും
എന്നും ധരിക്കുവാനേകിടാം ഞാൻ.

മുററത്തു നില്ക്കുന്ന മാംചുവട്ടിൽ
ഓററയ്ക്കു മേലിൽ കളിച്ചിടേണ്ടാ
കളകളം പെയ്യുന്ന നിർഝരിയിൽ
കളിത്തോഴനുണ്ടു കുളിക്കുവാനും.

ഉണ്ണിയീശോ:

കുഞ്ഞേ നിന്നൌദാര്യ സ്നേഹവായ്പിൽ
ഉത്തുംഗസന്തോഷമുണ്ടു ഹൃത്തിൽ
എങ്കിലും ഞാനൊന്നു ചൊല്ലിടട്ടെ
തങ്കമേ തെല്ലും പിണങ്ങിടൊല്ലേ.
ശുദ്ധമായ് കാക്കുന്ന ഹൃത്തടങ്ങൾ
അത്രേ ഞാൻ തേടുന്ന പാർപ്പിടങ്ങൾ.
കുഞ്ഞേ നീ മെല്ലെ വളർന്നിടുമ്പോൾ
ചാഞ്ഞു നീ പാപത്തിൽ വീണിടൊല്ലേ.
പാപമൊരിക്കലും ചെയ്തിടാതെ
പാവനഹൃത്തടം കാക്കുമെങ്കിൽ
തങ്കമേ നിന്നുടെയുൾത്തളത്തിൽ
പങ്കവിനാശകൻ വാഴും നിത്യം.

# മകന്റെ സെമിനാരിയിൽനിന്നു്

അഭിനന്ദനമേകിടുന്നു ഞാൻ
അഭിമാനിക്കുക നിങ്ങളേവരും
അവനെത്ര സുശീലനോതിടാ-
മിവിടെക്കിട്ടിയ രത്നമാണവൻ

കറയറ്റ കുടുംബജീവിത-
ത്തറയിൽ വന്നു വിരിഞ്ഞതാണവൻ
പരിപാവനമായ വീട്ടിലേ
പരിശുദ്ധിക്കകമേ വളർന്നവൻ.

ഒരു വാക്കഹിതം ശ്രവിക്കുവാൻ
ഒരു നാളും പഴുതേകിടാത്തതാം
ഒരു വീട്ടിലെ വാനദൂതരോ-
ടൊരുമിച്ചൊത്തു വളർന്നതാണവൻ.

ചെറുകാലിണ പിച്ചവയ്ക്കവേ
ചെറുചുണ്ടിൽ കിളിനാദമെത്തവേ
ചെറു കൈകളിലേകി കൊന്തയാ-
കരളിൽ ഭക്തി വളർന്നു ശക്തിയായ്

നരജീവിത ശക്തി കേന്ദ്രമാ-
തിരുസക്രാരിയകത്തു വാഴുവോൻ;
"തിരുമേനി" രുചിച്ചു നിങ്ങളീ-
തിരുസത്യം മകനേകിയാഴമായ്.

ഒരു വൈദികനെത്ര പൂജിതൻ
നരരിൽനിന്നു തെരിഞ്ഞെടുത്തവൻ
ഒരു ധാരണയേകി നിങ്ങളാ-
ച്ചെറുചിത്തം കൊതിപൂണ്ടു വാഴ്കയായ്.

സഹജക്കു സഹായമേകുവാൻ
സഹനം തന്നെ വരിച്ചുനീങ്ങുവാൻ
ജനനീജനകന്റെ മാതൃക
മനമേയുണ്ടു മറഞ്ഞിടാത്തതായ്.

ദയനീയത പൂണ്ടു കണ്ടവർ-
ക്കയവോടേകിയ ദാനരീതികൾ
ദയയാ ഹൃദയേ നിറക്കയാൽ
ദയപൂണ്ടിട്ടു തുണയ്ക്കുമന്യരെ.

നിധിയാണു സഹിക്കയെന്നതും
നിധിയത്രേ സ്വയമേ ത്യജിപ്പതും
നിധിയാണു കൊടുക്കയെന്നതും
നിധിപോൽത്തന്നെ പഠിച്ചുവച്ചവൻ.

നിജകർമ്മവിളിക്കു പോകുവാൻ
രുജപാടില്ല മരിക്കുമെങ്കിലും,
വിജയക്കൊടിയാണവന്നായീ
വിജയം നൽകിയ വീടു ധന്യമാം.

പരിശുദ്ധ കുടുംബവാടിയിൽ
പരിചിൽ പൂത്തുവിരിഞ്ഞ പൂക്കളാൽ
പരിപാവന വേദി ചാർത്തുവാൻ
ഭരമേററുള്ളവരെത്ര ധന്യരാം

ജനനീമണി! തന്റെ വാഞ്ഛയാൽ
ജനനംകൊള്ളുമതിന്നു മുമ്പിലായ്
മനമേ സുതനേകി പട്ടമീ-
തനയൻ വാഴ്ച്ച വരിച്ച വൈദികൻ.

ഒരു വാസ്തവമോതിടുന്നു ഞാൻ
ഒരു ദൈവാലയമാണു സൽഗൃഹം
ഒരു വൈദികനാണു ചൊല്ലിടാം
പരമാവീടിനു നാഥനായവൻ.

ബലിവേദി ചുഴന്നുയർന്നുപിൻ-
തലമേറുന്ന സുഗന്ധമെന്നപോൽ
അലയാന്നവിടന്നുയർന്നിടും
ഫലസമ്പൂർണ്ണ ജപങ്ങളിമ്പമായ്.

ഭവനം സെമിനാരിയാണതിൽ
അവിടത്തെ ഗുരുനാഥനമ്മയും
അവിടന്നു വരുന്ന മക്കളോ
ഇവനേപ്പോലെ മികച്ച നേട്ടവും.

# മരണമെന്ന കാമുകൻ

"ആരു നീ പാതിരാവിൽ മുന്നറിവെന്യേ വന്നു
ചാരുരൂപിണിയൊരു തയ്യലാൾ മുറിക്കുള്ളിൽ.
പാതിയും തുറക്കാത്ത വാതിലിൻ പാളികളിൽ
ഒന്നു നീ മുട്ടിയല്പം മര്യാദ പാലിച്ചെങ്കിൽ?"

പൊള്ളുന്ന പനികൊണ്ടും നീറുന്ന ദാഹംകൊണ്ടും
തള്ളവേ നിമിഷങ്ങൾ കണ്ടവളൊരു സത്വം
കേറിതൻ മുറിക്കുള്ളിൽ ഏകയാണവൾ ഭീതി–
യേറിയ വിറപൂണ്ടു ചോദിച്ചു സ്വപ്നംപോലെ.
കട്ടിലിനടുത്തേക്കു നീങ്ങിയാരൂപം ചൊല്ലി
മൊട്ടിട്ടും ജയത്തിൻെറ പുഞ്ചിരി ചുണ്ടിൽച്ചാർത്തി.

"സൃഷ്ടിയും സംഹാരവും കൈകളിൽ പന്താടിടും
സ്രഷ്ടാവിൻ ദൂതനല്ലോ മൃത്യു ഞാൻ, ഭ്രമിക്കായ്ക.
ഭൂമിയിൽ പിറക്കുന്നോരെല്ലാരും വിധേയരെൻ
പാശത്തിൽ കുടുങ്ങാതെ കടക്കില്ലൊരുവനും.
സമയം തെറ്റുന്നില്ലാ തേരിതാ കേറിക്കൊള്ളൂ
സമയത്തൊരുക്കുവാൻ വിട്ടു ഞാൻ രോഗം മുമ്പേ."

"അങ്ങേക്കു തെറ്റിപ്പോയി മുറിയിതല്ല ചാരെ
തെക്കെഴം കുടിലുള്ളിൽ കിടപ്പുണ്ടൊരു വൃദ്ധൻ.
ജരയും നരയുമാ ഗാത്രത്തെ ജീർണ്ണിപ്പിച്ചു
വിരിയാനതിലില്ല പൂക്കളും കിനാക്കളും.
അല്ലെങ്കിലങ്ങേവീട്ടിൽ മരിക്കാൻ തപം ചെയ്തു
കൊല്ലങ്ങൾ കഴിക്കുന്നുണ്ടേഴയാമൊരു നാരി.
ആശകളവൾക്കില്ല ജീർണ്ണിച്ച ഗാത്രത്തിൻെറ
വംശവും നശിക്കണം ആശിക്കുന്നതുമാത്രം.

ഇന്നതിൽ മധുവില്ല മധുപന്മാർക്കില്ല
ഉണ്ടതില്ലുണ്ട് നീറും ചിന്തയും രോഗങ്ങളും!"

"എന്തു നീ കഥിപ്പൂ ഞാൻ ജഗത്തിലെഴും ചെളി
ക്കുണ്ടുകൾ വിഴുങ്ങുന്ന കാക്കയോ കഴുകനോ?
ജീർണ്ണിച്ചു ദ്രവിച്ചൊരു വൃദ്ധഗാത്രവും രോഗ–
പ്പുണ്ണുകൾ തിന്നു കൃമിയൊഴുകും ജഡങ്ങളും
എനിക്കായ് മാററിവയ്പാൻ? സൃഷ്ടിസംഹാരത്തിൻെറ
ഗണിതം ചമയ്ക്കുന്നോൻ വിട്ടതെന്നറിക നീ."

"ഏറിയാൽ മൂന്നുദിനമീരോഗം മാറും വില–
യേറിടും മരുന്നുകളല്ലോ ഞാൻ സേവിക്കുന്നു.
അടുത്ത മുഹൂർത്തത്തിൽ മംഗല്യം നടത്തുവാൻ
തിടുക്കം ഭാവിക്കുന്നെൻ ജനനീജനകന്മാർ;
ഹൃദയം കവർന്നൊരാ ജീവിതേശനുമായി
മധുവാർന്നിടും കാലം ആയുസ്സിലൊന്നല്ലുള്ളൂ.
മംഗല്യപ്പുടവ ഞാനൊന്നുടുത്തില്ല കഷ്ടം!
മംഗളം ഭവിക്കാതീ പനിനീർ കൊഴിയാമോ?"

"നീയൊരു വിഡ്ഢി നിനക്കെന്തേകുമവൻ സുഖം
ആയുസ്സിലൊരു ക്ഷണം കൊഴിയും കിനാക്കളും.
ഞാൻ നിനക്കരോചകൻ പക്ഷേ നീ വരിക്കുകിൽ
നൂതനമാ നിമിഷത്തിൽ വിരിയും പുതുലോകം.
നീ മനംകനിഞ്ഞാലല്പമില്ലല്ലി മീനാഴിക
നിന്നെ ഞാൻ ഗ്രഹിക്കണം സമ്മതം കനിഞ്ഞേകൂ."

മിണ്ടുവാൻ വിതുമ്പിയ തയ്യലാളെന്തോ കര–
ത്തണ്ടുകൾ പൊക്കാൻ നോക്കി കഴിഞ്ഞില്ലവ വീണു
തിളങ്ങും നയനങ്ങൾ ചുററിലും വിരിച്ചൊരു
പളുങ്കിൻമാലകോർത്തു വരമാല്യമോ സഖി?

# "കൊച്ചുവീട്ടി"ലെ കൂട്ടുകാരൻ

"ഈശോ നീയിക്കൊച്ചു വീട്ടിനുള്ളിൽ
ആശ്വാസമോടെയുറക്കമാണോ.
എപ്പോഴുമെപ്പോഴുമെപ്പോഴും നീ
എന്തും മറന്നങ്ങുറങ്ങിയാലോ.
എപ്പോൾ വിളിക്കിലും മൌനമല്ലോ
എന്താ പിണക്കം നടിക്കയാണോ.
വീട്ടിലെ കൊച്ചു മുറിക്കകത്ത്
പാഠങ്ങൾ ചൊല്ലി പഠിക്കയാണോ.
വേണ്ടപ്പോഴൊക്കെയും തിന്നിടാനോ
വെള്ളക്കഞ്ഞപ്പത്തിനുള്ളിൽ വാഴ്‌വു.
വാതില് പൂട്ടിക്കിടക്കമൂലം
വാഴ്‌വതോയീമട്ടിലുള്ളിൽത്തന്നെ.

"പക്ഷേയാതാക്കോൽപ്പഴുതിലൂടെ
അക്ഷീണം ചുററിലും നോക്കുന്നില്ലേ.
മിന്നിവിരിഞ്ഞിട്ടും പൂക്കൾതോറും
മിന്നുന്ന ചായം നീ തേച്ചതല്ലേ.
അമ്മച്ചി നിർമ്മിച്ച പാനിയല്ലീ–
ത്തുമലർതോറും പകർന്നുവച്ചു.
എങ്ങുന്നീ പൂക്കൾ സുഗന്ധമാന്നു
അങ്ങുന്നു തൈലം തളിച്ചതല്ലേ.
താരക്കിടാങ്ങൾതൻ പാലിരിക്കും
താലം നീ തട്ടിമറിച്ചതല്ലേ,
എങ്ങും പരക്കുമിപ്പാലിൽ ഭൂമി
മുങ്ങിത്തുടിക്കുന്ന ഹേതു ചൊന്നാൽ.
പാടിപ്പറക്കുന്ന പൈങ്കിളിയെ
പാടാൻ പഠിപ്പിച്ച ഗായകൻ നീ.
നീലവിഹായസ്സിൽ രത്നജാലം

ലീലയാ വാരിവിതച്ചവൻ നീ.
കുന്നിൻെറ ശൃംഗത്തിൽനിന്നുതുള്ളി
കുന്നിച്ചൊഴുകുന്ന നിർത്ധരിയിൽ
കല്ലോലമാലകളിട്ടവൻ നീ
കിങ്കിണികെട്ടിച്ചു വിട്ടവൻ നീ.
മേഘങ്ങൾക്കപ്പുറം മാറിനിന്ന്
മേദിനിയിൽ വെള്ളം തളിക്കുവോൻ നീ.
ഈവിധം വേലകൾ കാട്ടിടുമ്പോൾ
പാവം നിന്നമ്മച്ചി തല്ലുകില്ലേ.
എന്താ നീ യാതൊന്നും ചൊല്ലുകില്ലേ
എന്തിനീ കോപം ഞാൻ തോഴനല്ലേ.
അല്ല ഞാൻ തെററുകൾ ചെയ്തതാണോ
വല്ലായ്മ കാട്ടുവാൻ ഹേതുവിപ്പോൾ.
പക്ഷേ നീ എന്തും ക്ഷമിക്കുകില്ലേ
തൽക്ഷണം താപമുദിച്ചിടുമ്പോൾ.

"അമ്മച്ചി ചൊല്ലുന്നപോലെ മേലിൽ,
അപ്പച്ചന്നിംഗിതം കാത്തുകൊള്ളാം.
ശുണ്ഠിപിടിക്കില്ലൊരുത്തരോടും
ഒട്ടും പിണങ്ങില്ല ചേച്ചിയോടും.
ചേട്ടനെ പിച്ചുകയില്ല മേലിൽ
കിട്ടുന്ന മിഠായി പങ്കുവയ്ക്കാം.
പാഠങ്ങൾ ചൊല്ലി പഠിച്ചുകൊള്ളാം
പാട്ടുള്ള ജോലികൾ ചെയ്തുകൊള്ളാം.
വാതിൽ തുറന്നൊന്നു നോക്കിയാലും
വാസ്തവമാണു ഞാൻ ചൊന്നതെല്ലാം.
ഭിന്നതയില്ല നമുക്കു തെല്ലും
ഖിന്നതവിട്ടു നീ പോരുകില്ലേ.
വേലിപ്പടപ്പിന്മേൽ തിങ്ങിനിൽക്കും
മുല്ലപ്പൂ കോർക്കുവാൻ പോരുകില്ലേ.
മാലാഖാമാരുടെ വേഷംകെട്ടി
ലീല നടത്തുവാൻ പോരുകില്ലേ.
താഴത്തെ തേന്മാവിൻ മൂട്ടിലൊരു
കാഴ്ചയ്ക്കു ചന്തമാം വീടുകെട്ടാം.

കൊച്ചിളം കാററത്തു വീണിടുന്ന
മെച്ചമാം മാമ്പഴം വാരിക്കൂട്ടാം.
പൂക്കളിൽ താളം ചവുട്ടിനിൽക്കും
പൂമണവാഹിയാം തെന്നലേല്ക്കാം.
കളകളം പെയ്യുന്ന പൈങ്കിളിതൻ
കളഗാനമൊന്നിച്ചങ്ങാസ്വദിക്കാം.
പൂവിലെ പൂന്തേൻ കവർന്നുതിന്നും
പൂമ്പാററക്കുടെക്കളിച്ചു വാഴാം.
നീയൊന്നുപോരില്ലേ കൂട്ടുകാരാ
വയ്യായെനിക്കിനി തന്നെ പോകാൻ.
ഒരു കൈയിൽ പുസ്തകക്കെട്ടുമായി
മറുകൈയോ തോഴൻെറ തോളിലുമായ്
പൊട്ടിച്ചിരിച്ചങ്ങു പോകാം സ്കൂളിൽ
പൊട്ടിവിരിഞ്ഞുള്ള പൂക്കൾപോലെ.
വഴിയുടെ ചാരത്തു പൊയ്ക നോക്കി
നിഴലുകൾ മായുന്ന നേരം നോക്കി
താമര, പങ്കകൾ വീശിടുമ്പോൾ
താഴെയിരുന്നങ്ങു ചൊല്ലിത്തീർക്കാം,
എന്നും ഞാൻ കാണുന്ന പൊൻകിനാക്കൾ
നിന്നെക്കുറിച്ചുള്ള പൊൻകിനാക്കൾ.
ജാലകദ്വാരത്തിലൂടെ സന്ധ്യാ—
നീലവിഹായസ്സിൽ നോക്കിനോക്കി
ഉള്ളിൻെറയുള്ളിൽത്തുടിച്ചു നില്ക്കും
ഉള്ളിലെ കൊച്ചുരഹസ്യമോതാം.
ചന്ദ്രികാപാലൊളി കൈകൾനീട്ടി
മന്ദമായ് നമ്മെത്തലോടിനില്ക്കേ,
താരങ്ങൾ കണ്ണുകൾ ചിമ്മിച്ചിമ്മി
താഴോട്ടു നമ്മളെ നോക്കിനില്ക്കേ,
അന്യോന്യം മേനി പുണർന്നു ചുണ്ടിൽ
ആനന്ദചുംബനം ചേർത്തുചേർത്ത്
ആത്മാവിന്നാനന്ദനിർവൃതിയിൽ
മന്ദ്രമധുരം ലയിച്ചുറങ്ങാം.”

# *അമ്മയ്ക്കൊരു പൂച്ചെണ്ട്

പിച്ചവച്ചീട്ടമെൻെറ കൊച്ചുതുലികയമ്മ,
തുച്ഛമെങ്കിലും നാലുവരികൾ കുറിക്കട്ടെ.
കാലത്താൽ പൊറുക്കുന്ന വ്രണങ്ങളാണാവിൻെറ
ഇല്ല ഈ വ്രണം കാലപ്പോക്കിലും വളരുന്നു.
യൗവനത്തിൻെറ മലർവാടി നീ കടന്നില്ല-
ഭൂവിലെ പറുദീസാ വിട്ടു നീ പറന്നുപോയ്.
നിഴലുകലരാത്ത പകലായിരുന്ന നിൻ-
മിഴിയിലൊതുക്കി നീ സ്നേഹ വാരിധിയെല്ലാം.
ജീവിത വിഹായസ്സിൽ പറക്കാൻ വെമ്പുമെൻെറ
തൂവലിൻ ചിറകു നിൻപോക്കിനാൽ കരിഞ്ഞുപോയ്.
വിരിയാൻ വിതുമ്പുന്ന ഏഴപൊൻ മുകുളങ്ങൾ
പറക്കാൻ പിടയ്ക്കുന്ന ഏഴു കുഞ്ഞോമനകൾ
ഇരുളുമാത്രം താവും, വേദനമാത്രം തിങ്ങും,
കരച്ചിൽ മാത്രം കേൾക്കും ഭൂമിയിൽ നിരാലംബം

എന്തിനു കാരുണ്യത്തിൻ കടലും സ്നേഹത്തിൻെറ
അമ്പിളിയുമൌദാര്യത്തിൻ വിശാല വിഹായസ്സും,
എന്തിനു ത്യാഗത്തിൻെറ പൊരുളും, ജ്ഞാനത്തിൻെറ
ദീപ്തിയും, ലില്ലിപ്പൂവിൻ മൃദുലനൈർമ്മല്യവും,
എന്തിനു ഭൂമിയുടെ ക്ഷമയും, ശമിക്കാതെ
കത്തീട്ടുമഗ്നിയുടെ ചൂടുമാവേശങ്ങളും,
എന്തിനു സുഖത്തിൻെറ മെത്തയുമാത്മാവിൻെറ
തൃപ്തിയും, ജീവിതത്തിൻ ചിരിയുമാഹ്ലാദവും.
എന്തിനു രോഗത്തിൻെറയൗഷധങ്ങളുമേതു
തപ്തമാം മനസ്സിനെയുറക്കും സാന്ത്വനവും
അമ്മയിൽ ജഗദീശനെന്തിനു ഘടിപ്പിച്ചു
ഇമ്മട്ടിലൊററത്തട്ടാലൊന്നിച്ചു മറിക്കാനോ?

ഷാജഹാൻ ഞാനായിരുന്നെങ്കിൽ നിൻ കുടീരത്തിൽ
ടാജ്ജ്മഹൽ പണിതല്ലം ശാന്തി ഞാൻ വരിച്ചേനേ.
വേണ്ട ഞാൻ പണിയില്ല ടാജ്മഹലൊന്നുപോലും
വേണ്ടയെൻ ദുഃഖം ലേശം ചോർന്നുപോം ചാപ്യകളും.
വേദന തളംകെട്ടി നില്ക്കുമാ കയത്തിലും
ഉണ്ടൊരു മധുരം ഞാനൊന്നതിൽത്തുടിച്ചോട്ടെ.
എൻെറ തൂലിക കുത്തിക്കുറിക്കും വരികളാ–
മുങ്ങലിൽ തെറിച്ചുപോം രണ്ടു നീർത്തുള്ളിമാത്രം.

---

* ജീവിതത്തിൻെറ നടപ്പാതയിൽനിന്ന് വെറും 38-ാമത്തെ വയസ്സിൽ വിണ്ണിൻെറ അപാരതയിലേക്ക പറന്നുയർന്ന സ്നേഹ ക്കാതലായ അമ്മയുടെ പാവന സ്മരണക്കു മുമ്പിൽ.

DHARMARAM COLLEGE LIBRARY
BANGALORE-29.

# നവവധുവിന് അമ്മയുടെ ആശംസകൾ

നവോഢയായണിഞ്ഞൊരുങ്ങിനിന്നിടും തനൂജയേ
ഭവിച്ചിടട്ടെ മംഗളം വരന്റെകൂടെ സർവ്വദാ.
അഭിജ്ഞനായ കാന്തനൊത്തു പോവതിന്നു മുമ്പു ഞാൻ
ഭവിച്ചിടുന്ന കാര്യമൊന്നു ചൊൽകയാണു തങ്കമേ.

പിറന്നുവീണ വീടുവിട്ടു കണ്ടിടാത്ത വീടു നീ
വരിച്ചു നിന്റെ ഗേഹമായ് പിരിഞ്ഞിടാതെ വാഴുവാൻ.
മറന്നിടാതൊരമ്മയും പിരിഞ്ഞിടാ സതീർത്ഥ്യരും
പിരിഞ്ഞു വേറൊരമ്മയും സതീർത്ഥ്യരും വരിച്ചു നീ.

ജഗത്തിലൊട്ടു ജന്മമാർന്ന നാരിതന്റെ ജീവിതം
ജഗത്തിലാകെ വീശിടേണ്ട സേവന പ്രതീകമാം.
ജഗത്തിലാത്മനാഥനായുഴിഞ്ഞു വച്ചതിന്നു നീ
ജഗത്തിലാകെ മൂല്യമറ്റ ജീവിതം സ്വാതന്ത്ര്യമായ്.

തുടുത്തുയർന്ന പ്രായവും മനോജ്ഞമായ കാന്തിയും
പടുത്വമാർന്ന പ്രാപ്തിയും പ്രഗത്ഭമായ ബുദ്ധിയും
മടുത്തിടാത്ത സേവനം തടുത്തിടാത്ത പ്രേമവും
എടുത്തുവച്ചു നൽകയാണടുത്ത പിൻനിരയ്ക്കു നീ.

പഴുത്തുവീണ പത്രമേന്തി മണ്ണുവാരി മാറ്റിയും
കൊഴുത്തുരുണ്ട പാണിമേലഴുക്കുമായ് കളിക്കയും
പൊഴിഞ്ഞുവീണ പൂക്കളേന്തി മാലകെട്ടിയാടിയും
കുഴഞ്ഞു കേളിയാടിടുന്ന കൊച്ചുകുട്ടിയല്ല നീ.

36762

കുറച്ചു ദൂരെ ഭാവിയൊന്നുദിച്ചിട്ടുന്ന വേളയിൽ
പിറന്നു വീണ കൊച്ചുകുഞ്ഞിനമ്മയായ് ഭവിക്കവേ,
മറന്നിടല്ലെയെൻെറ തങ്കമമ്മതൻെറ സേവനം
തുറന്നിട്ടുന്ന രംഗമാം തുടന്നുതന്നെ പോയിട്ടും.

കട്ടുത്ത ജോലി ചെയ്തു ക്ലാന്തനായ വല്ലഭൻ ഭവാൻ
മട്ടുത്തുതന്നെ ജോലി നിർത്തി വന്നിട്ടുന്ന വേളയിൽ
വിടർന്നിടട്ടെ മന്ദഹാസശോഭ ചുണ്ടിലെന്നുമേ
തുടിച്ചിടട്ടെയുൾത്തടം കവിഞ്ഞിട്ടുന്ന സൗഹൃദാൽ.

കറുത്തിരുണ്ട കാർമുകിൽ വിരിപ്പുമാററി വീട്ടിലേ
മറഞ്ഞിടാതെ മിന്നിടേണ്ട ദീപമാണു മേലിൽ നീ
തെരുത്തുകൂടി നൂറു നൂറു മാലിരച്ചു കേറവേ
ഉറച്ചുനിന്നു വഞ്ചി തള്ളി വീട്ടിടേണ്ടതാണു നീ.

കരഞ്ഞുകൊണ്ടു കൊച്ചുകുഞ്ഞു ശാഠ്യമാന്നു പാഞ്ഞിട്ടും
ചിരിച്ചുകൊണ്ടു മററൊരുത്തി നോക്കിനിന്നു കൂവിട്ടും
വിരിച്ചമെത്തയിൽ ശയിച്ചുകൊണ്ടുതന്നെ വേറൊരാൾ
മരിക്കതന്നെ ഭേദമെന്നുറച്ചുപോകുമക്ഷണം.

"അലോകമായ ശാന്തിയോടെ കന്യകാശ്രമത്തിലേ
പ്രലോഭനങ്ങളേശിടാത്ത ജീവിതം നയിക്കുവാൻ
അലഭ്യമായ മോദമോടെ വീടുവിട്ടു പോയൊരെ-
ന്നലോകഭാഗ്യമാന്ന ചേച്ചി"യോർത്തുകാണുമല്ലോ നീ.

ധരിക്കയെൻെറ കുഞ്ഞെയാമഹത്വമാന്ന ജീവിതം
വരിക്കയെന്ന ഭാവുകം ലഭിക്കയില്ല യേവനും
ശരിക്കു ചൊൽകയാണു വാസ്തവം കുടുംബജീവിതം.
ധരിക്കപിന്നിലല്ലതും മഹത്വമുള്ള ജീവിതം.

പ്രഫുല്ലമായ യൌവനം മറച്ചിടാതെയാടയാൽ
പ്രഫുല്ലമായ കേശവും ത്യജിച്ചിടാതെയെങ്കിലും
പ്രബർഹമായ ലക്ഷ്യമോടെ സേവനാത്മവേദിയിൽ
പ്രബുദ്ധരായി നാരിമാർ വരിച്ചിട്ടുന്ന ജീവിതം.

ഭരിച്ചിടുന്ന വീടുതന്നെ പുണ്യമായയാശ്രമം
വരിച്ചിടുന്നു മാററമൊന്നു മേശിടാത്ത റൂളുകൾ
മരിക്കുവോളം ഒന്നുതന്നെ ചൊല്ലിടേണ്ട കീർത്തനം
ശരിക്കുതന്നെ ചൊല്ലിടാം "കനോന"മായ കീർത്തനം

ഭവിച്ചിടുന്നു നൂറു നൂറു കൊച്ചു കൊച്ചു സംഗതി
പവിത്രയാക്കി മാററിടാൻ ഗൃഹത്തിലേ ജനിത്രിയെ
ഭവിച്ചുകൊള്ളുണം വിധേയമാ 'മണി'ക്കു തെററിടാ
പവിത്രമായ കീഴ്വഴക്കപുണ്യമുണ്ടു വീട്ടിലും.

ദരിദ്രമായ വസ്ത്രവും ദരിദ്രമായ ഭോജ്യവും
ദരിദ്രമായ ഗേഹവും വരിപ്പതില്ലയെങ്കിലും
ശരിക്കുതന്നെ കാന്തനായി സർവ്വതും ത്യജിച്ചവൾ
വരിപ്പതില്ലയോ ദരിദ്ര്യ പുണ്യമേറെ വീട്ടിലും.

വിശുദ്ധിതന്നെയായവന്റെ പത്നിയായ് ഭവിച്ചവൾ
വിശുദ്ധയായ് ഭവിക്കണം കളങ്കമെന്നിയെങ്കിലോ
വിശുദ്ധമായ ബന്ധമാന്ന വീട്ടിലെ സതീ സദാ
വിശുദ്ധയായ്ഭവിക്കണം വിശ്വസ്തയായ്വസിക്കണം,

വിശുദ്ധനായ പ്രേഷിതൻ പറഞ്ഞതെത്ര വാസ്തവം
വിശുദ്ധമായ തൻെറ തത്വമെത്രയോ മഹത്തരം:
"വിശുദ്ധിതന്നെയായവൻെറ പത്നിയാം സഭാംബിക
വിശുദ്ധബന്ധ മീ വധൂവരർക്കെഴുന്നതും തഥാ."

പ്രശാന്തയായി നിദ്രപൂണ്ടു ശയിച്ചിടുന്ന രാത്രിയിൽ
അശക്തയായ് രോഗമാന്ന കൊച്ചുകുഞ്ഞു കേഴവേ
പ്രശാന്തയായുണന്നിട്ടും ജനിത്രി ദീപമോടതാ
പ്രസക്തമാണതമ്മതൻെറ രാത്രികാല കീർത്തനം.

ലഭിപ്പതൊക്കെ മാററി മാററി വച്ചതിന്നു ശേഷവും
തപിക്കുമമ്മ കുഞ്ഞിനു കൊടുപ്പതെന്തു പിന്നെയും
ലഭിക്കയില്ല ഭദ്രമായ നിദ്രപോലു മമ്മതൻ
തപസ്സുതന്നെ യോഗിയും മടുത്തിടുന്ന മാതിരി.

പിരിഞ്ഞിടാതെ കാന്തനൊത്തു ജന്മസിദ്ധി നേടുവാൻ
ചരിക്കയാണു കുഞ്ഞേ നീ വിശുദ്ധമായ വേദിയിൽ.
ധരിച്ചിടല്ലേ ജീവിതം വിനോദമെന്നു പിന്നെയോ
കരുത്തുകൊണ്ടുമാത്രമങ്ങണഞ്ഞിടേണ്ട നൗകയാം.

ശുചിത്വമുള്ള പാർപ്പിടം ശുചിത്വമുള്ള ഭക്ഷണം
പ്രസന്നമായ ഭാഷണം സഖിത്വമുള്ള ജീവിതം
രുചിച്ചിടട്ടെ നിന്റെ വീട്ടിലാരുതന്നെയാകിലും
രുചിക്കുമെങ്കിലന്നു കുഞ്ഞു ധന്യമായ ജീവിതം.

ത്യജിച്ചിടല്ലേ ഭിക്ഷകേണു വന്നിടുന്നവർക്കു നീ
ത്യജിച്ചിടല്ലേ നല്ലവാക്കു വേദനിക്കുവോർക്കു നീ
ത്യജിച്ചിടല്ലേ ശാന്തവാണി കോപമുള്ളിലേറുകിൽ
അയയ്ക്കുമെങ്കിലീശ്വരൻ സമൃദ്ധിയുള്ള ഭാവിയെ.

പവിത്രമാണു നിന്റെ പാത ശങ്കവേണ്ട തെല്ലിനി
പവിത്രമായ കർമ്മമോർത്തു പോകകുഞ്ഞുമേലിലും
ഭവിച്ചിടട്ടെ നൂറുനൂറു മംഗളം വഴിക്കുമേൽ
പവിത്രമൂർത്തിയായവൻ തുണച്ചിടട്ടെ സർവ്വദാ.

# വഴിവക്കിലെ കാട്ടുപൂവ്

ഈ നടപ്പാതയുടെ വക്കിലീ പ്രഭാതത്തിൽ
ഇന്നേക്കു മാത്രമായി വിടർന്നോരെന്നെനോക്കി
അല്ലയോ പഥികാ, നീ സ്തബ്ധനായ്നില്പൂ, മിഴി-
ക്കുള്ളിലായ് തിരതല്ലുമത്ഭുതരസത്തോടെ.
കറുത്ത പുതപ്പുകളരിഞ്ഞു പ്രഭാതത്തിൻ
വിറയും കുളിരുമായ് ഭൂതലമുണർന്നപ്പോൾ
രാവിൻെറയിഴകളിൽ നെയ്ത പൊൻകിനാക്കളെ
താവിടും നയനംപോൽ പുഷ്ടമായ് വിരിഞ്ഞു ഞാൻ.
എൻെറ കൺമണികളിൽ തിളങ്ങുന്നില്ലേയിപ്പോ-
ളിററുവീഴുവാൻ വെമ്പും കണ്ണുനീരൊരുതുള്ളി.
ഭൂവിൽ ഞാൻ പിറന്നപ്പോൾ വിടവാങ്ങിയോരമ്മ
വീഴ്ത്തിയ കണ്ണീർത്തുള്ളി ഞാനതു സൂക്ഷിക്കുന്നു.
കണ്ണുകൾ പ്രകാശത്തിൽ തുറക്കുമ്പോഴമൊരു-
കണ്ണുനീർത്തുള്ളിയോടെ ജീവിതമാരംഭിച്ചു.
എന്നിട്ടും ചിരിക്കുന്നു, ജീവിതത്തിൻെറ നറും
തേനറമാത്രം കാണാൻ കഴിയും പൈതൽപോലെ.

ശൂന്യതയ്ക്കുള്ളിൽ തേങ്ങിയിന്നലെ, പ്രഭാതത്തിൽ
വന്നു ഞാൻ കൈയും കൂപ്പി നിമിഷം ജീവിക്കുവാൻ.
ശൂന്യതയ്ക്കുള്ളിൽത്തന്നെയമരും സായാഹ്നത്തിൽ
ഒന്നു ഞാൻ പാടിക്കോട്ടെ പ്രപഞ്ചത്തിൻെറ ഗാനം.
കാണുന്നു ക്ഷണികമെൻ ജീവിതമെന്നാകിലും
വീണുവീണടിയുന്ന യുഗാന്തചരിതങ്ങൾ.
ഉത്തുംഗശൃംഗങ്ങളിൽ ഇന്നലെ വിരിഞ്ഞവർ
ചത്തചേർന്നയീമണ്ണിലിന്നു ഞാൻ ചിരിക്കുന്നു.
നാളെ ഞാനൊഴിയണം എൻെറ പിൻനിരകളി-
വള്ളിയിൽ നാളെത്തന്നെ വിരിയാൻ, വളരുവാൻ.

കേൾക്കയാണു ഞാൻ വീണ്ടും ജീവനെൻറ മാറിൽ കാല
ചക്രങ്ങളുരുണ്ടപ്പോൾ പൊട്ടിയ തേങ്ങലുകൾ,
കിട്ടിയ തവണയിൽ പിടിച്ചു നില്ക്കാൻ സ്വാർത്ഥം
വെട്ടിയ യുദ്ധത്തിൻെറ ബീഭത്സ നിനദങ്ങൾ.
നാളെതന്നവകാശി കടന്നു വരാതിന്നു-
തന്നെപൂട്ടുന്നു മർത്യൻ ജീവന്റെ വാതായനം;
മരണം മനുജനെ ദിനവും കുടുക്കുമ്പോൾ
ജരയും നരയുമാം ചങ്ങലക്കണ്ണികളാൽ.
ശാസ്ത്രം ഹാ വളർന്നില്ല ഞങ്ങളിൽ സഹജനെ
വീഴ്ത്തുവാൻ ചതിക്കുവാൻ ബുദ്ധിയില്ലെങ്കിലെന്താ!
ഇന്നെന്റെ തവണ, ഞാൻ നാളേക്കു മാറിക്കൊള്ളാം
വന്നാലും നാളത്തേയെൻ സോദരാ നമസ്കാരം.
കണ്ണുനീരൊരുതുള്ളി കരളിലൊളിപ്പിച്ചും
വിണ്ണിന്റെ നിലാവൊളി ചുണ്ടിന്മേൽ വിരിയിച്ചും
എൻെറ മേനിയിൽ നിറം വരച്ച കരങ്ങളെ
എൻെറ കൺകളിൽ കാവ്യമെഴുതും പ്രതിഭയെ
പാടുകയാണെൻ തൊഴിൽ ഞാനതു തുടരട്ടെ
ഓടിവന്നിട്ടു മന്ത്യവേളയിങ്ങെത്തും ക്ഷണം.

# കൊച്ചുമാലാഖാ

കുഞ്ഞുക്കതിരവൻ ദീപം തെളിച്ചപ്പോൾ
കുഞ്ഞുമാലാഖായെ കണ്ടു ദൈവം;
സ്വർഗ്ഗീയ മേടയിലാനന്ദമേളയിൽ
വിക്രിയകാട്ടുന്ന കുഞ്ഞുദൂതൻ.
കൈകൊട്ടിച്ചാരത്തു മെല്ലെ വിളിച്ചിട്ടാ–
കൈകളിൽ കൈചേർത്തു ചൊല്ലി ദൈവം.

"നോക്കണം വത്സാ നീ ഭൂമിയിലാ വീട്ടിൽ
തങ്കംപോൽ കുഞ്ഞു പിറന്നിട്ടുണ്ട്.
പോകണം ആ കൊച്ചുകുഞ്ഞിനു കാവലായ്
സ്വർഗ്ഗത്തിലാഗമിച്ചീടുംവരെ."
ഉള്ളിൽ തിളച്ച തന്നാനന്ദവായ്പവൻ
ഉള്ളപോൽ കാട്ടിച്ചിറകിളക്കി.
"എന്നോമൽക്കുഞ്ഞിനെ" ദൈവം തുടർന്നോതി
"നന്നായി പാലിച്ചുകൊള്ളണം നീ.
വെൺമവഴിയുമാ ചിത്തത്തിലല്പവും
കന്മഷം ചേരാതെ കാക്കണം നീ.
അക്കൊച്ചുകാലുകൾ നേർവഴി മാറാതെ
പോകണം കൂട്ടത്തിലെപ്പൊഴും നീ.
ആ കരവല്ലികൾ കൂപ്പിപ്പിടിക്കുവാൻ
ഇക്കൊച്ചുന്നാളിലേ ശീലിക്കണം.
ദൈവികചിന്തയാലാക്കൊച്ചുഹൃത്തടം
ഭവ്യതപൂണ്ടു വളർന്നിടേണം.
സ്വർഗ്ഗീയസൌന്ദര്യദീപ്തമാം കണ്ണുകൾ
സ്വർഗ്ഗത്തെ കാണണം ഭൂമിയിലും."

ആദരപൂർവ്വം നമിച്ചവൻ ദൈവത്തെ
മോദത്താൽ വീണ്ടും ചിറകിളക്കി.

പ്രഖ്യാതരായുള്ള കാവൽദൂതന്മാരെ
ഒക്കെയും കണ്ടുപദേശം തേടി.
എങ്ങുമേ ബദ്ധപ്പെട്ടോടിപ്പറന്നവൻ
തിങ്ങിയ സന്തോഷത്തോടെയുള്ളിൽ.
ഒത്തിരിയൊത്തിരി കാര്യങ്ങളുണ്ടവ-
നിത്തിരി നേരത്തിൽ കേട്ടറിയാൻ.
എല്ലാം കുറിച്ചു തൻ കീശയിലാക്കിക്കൊ-
ണ്ടുല്ലാസവാനായ് തിരിച്ചു പാരിൽ.
മാലാഖാക്കുഞ്ഞുങ്ങൾ മാടിവിളിച്ചപ്പോൾ
തെല്ലും ഗണിച്ചില്ല കൂട്ടുകൂടാൻ.
പത്രോസ്സു വാതില്ക്കൽ ചോദിച്ച ചോദ്യങ്ങൾ
ഇത്തിരിപോലും ശ്രവിച്ചുമില്ല.
എൻ കൊച്ചു വീട്ടിലെ ജാലകദ്വാരത്തിൽ
ആ കൊച്ചുമാലാഖാ വന്നിരുന്നു.
അമ്മച്ചി മാറിയ നേരത്തുവന്നെൻറ
അന്തികേ ചേർന്നു സംപ്രീതിയോടെ.
വിട്ടുപിരിയാതെ പിന്നീടൊരിക്കലും
ശിഷ്ടമാം മാർഗ്ഗേ നയിക്കുന്നെന്നെ.
ഇങ്ങനെ കിട്ടിയതാണെൻറ മാലാഖാ
താങ്ങായിട്ടൊന്നിച്ചു വാഴ്വു ഞങ്ങൾ.

# തെന്നിവീണ നക്ഷത്രം

രാവിലെ പതിവുപോൽ പത്രം ഞാൻ
വിടർത്തപ്പോൾ
നോവുവാൻ മാത്രമൊരു ബോംബെൻെറ
യുള്ളിൽ പൊട്ടി.
വർഷങ്ങൾ മുമ്പേതൊട്ടെൻ ഭാവനാസ മ്രാജ്യത്തിൽ
വാരൊളി തൂകിനിന്ന നക്ഷത്രം താഴെ വീണു.
'ജാകലിൻ വിവാഹിത' യെന്തിനാണതിശയം
ലോകത്തിൽ കല്യാണങ്ങൾ സർവ്വസാമാന്യമല്ലോ!
എങ്കിലും നീരാഴികൾക്കപ്പുറത്തൊരു പെണ്ണു
ലോകനീതികൾക്കൊത്തു കാന്തനെ വരിച്ചപ്പോൾ
ഗാനമാധുരിയല്ല, പനിനീർ ധാരയല്ല,
മുഗ്ദ്ധപൂക്കളുമല്ല മുള്ളുകളാണെൻ ഹൃത്തിൽ.
ഇന്നലെവരെ പൂജാപുഷ്പങ്ങൾ നിനക്കായി
ഏന്തി ഞാൻ കരങ്ങളിൽ കാത്തുയെൻ മലർ-
ക്കാവിൽ.
കെന്നഡിയുടെ മൃദുലംഗുലി സ്പർശിക്കുമ്പോൾ
സപ്തരാഗങ്ങൾ മീട്ടും വീണയായിരുന്നു നീ.
ഇന്നതിൻ ഗാനം നിലച്ചെങ്കിലും സഹിക്കാമാ-
തന്ത്രികൾപോലും കഷ്ടമെന്തിലോ ചുററിപ്പോയി.
മഞ്ഞിൻെറ നൈർമ്മല്യവും പൂവിൻെറ സ്നിഗ്ദ്ധതയും
മായുന്ന മഴവില്ലിൻ വഴിയുമഴകുമായ്
നാരിയെ ജഗദീശൻ തീർത്തപ്പോളതിനുള്ളിൽ
നേരംപോൽ നിറം മാറുമോന്തിനെയിണക്കിയോ?
മാനിനീ മാറിക്കൊള്ളൂ, മേലിലാ വിഹായസ്സിൽ
കെന്നഡി മാത്രം മതി നിങ്ങൾക്കു നമസ്കാരം.

# ഓർമ്മകൾ ജീവിക്കുന്നു

കിഴക്കൻ മലയുടെ കൊട്ടാരജനാലയ്ക്കൽ
മിഴികൾ തുറന്നാരോ പൊൻതിരി തെളിച്ചപ്പോൾ
കണ്ണുകൾ തുറന്നു ഞാൻ വേദനാമാത്രം തിങ്ങും
സ്വപ്നസാഗരത്തിൻെറ നടുവിലോളങ്ങളിൽ.
വത്സരം ഇരുപതു പറന്നു കടന്നിട്ടും
വാഴുന്നു മനസ്സിൻെറ ചില്ലയിലോർമ്മയിന്നും.
ഇന്നാണാതീയതി ഞാൻ വരുന്നു കുടീരത്തിൽ
ഇല്ലെനിക്കണയ്ക്കുവാൻ ബാഷ്പമുത്തുകളെന്യേ.
തായേ താമരയിലേ വണ്ടുപോൽ ചാഞ്ചാടി ഞാ-
നായുസ്സിന്നാരംഭത്തിൽ നിൻെറ കൈത്തലങ്ങളിൽ.
പക്ഷേ ഹാ മരണത്തിൻ കരിവണ്ടറുക്കയാൽ
പക്ഷങ്ങൾ കരിഞ്ഞൊരു പക്ഷിയായ് പതിച്ചു ഞാൻ.
ഇന്നുമെൻ മനസ്സിന്റെ ജീവനാളങ്ങൾ കൊതി-
പൂണ്ടു പൂണ്ടുഴലുന്നുണ്ടെവിടെ മധുകോശം?
ഇന്നുമെൻ നയനങ്ങൾ ഭ്രാന്തമായലയുന്നു
മന്നിൻെറ മുഖത്തെങ്ങു ചാരുത ദർശിക്കുവാൻ?
വിണ്ടുകീറിയ പൂത്തിൽ സ്നേഹത്തുമധു ത്തുകാൻ
വിണ്ടലം കയറി നീയില്ലെനിക്കാരും ഭൂവിൽ.

ഇവിടെ ദിനരാത്രം ഇലയും പൂവുംപോലെ
ഇതളു വിടർത്തിക്കൊണ്ടോടുന്നു കാലചക്രം.
പക്ഷേയാദളങ്ങളിൽ നിറങ്ങൾ പകുത്തുവാൻ
പുഞ്ചിരി പൊഴിക്കുവാനമ്മേ നീ കടന്നുപോയ്.
സൌന്ദര്യപ്പുഴയുടെയോളങ്ങളന്നു സർവ്വം
ഇന്നതു കദനത്തിൻ കറങ്ങും ചിറേറാളങ്ങൾ.
അന്നു ഞാനറിഞ്ഞില്ല ജീവിത യാഥാർത്ഥ്യങ്ങൾ
കണ്ണുകൾ ദൂരന്തത്തിൽ മാത്രമേ തുറക്കുള്ളൂ.

ഏതു പൂവിലുമുണ്ടു കീടമൊന്നൊളിക്കുന്നു
ഏതു തേനിലുമുണ്ടു കയ്പിൻെറ രാസക്രിയ.
ഉഷസ്സിൽ പുതുപൂക്കൾ തുഷാരനാമം പേറി
മിഴിയിലെന്തുകൊണ്ടു കണ്ണുനീരണിയുന്നു?
കുങ്കുമപ്പൂവും ചൂടിയെന്തിനീ രവിക്കുട്ടൻ
മൂകമായ് പടിഞ്ഞാട്ടു നടപ്പൂ, മരിക്കുവാൻ?
കാമുകൻ മാർത്താണ്ഡൻെറ കൈയാൻ്റ നീർപ്പോളകൾ
കൈവല്യം ഗമിക്കുന്ന കണ്ണീരായ് പൊഴിയുവാൻ.
ഒക്കെയും ചലിക്കുന്ന ദുഃഖസാഗരത്തിൻെറ
വക്കത്തുകൂടി വിശ്വം കറങ്ങിത്തിരിയുന്നു.
ആ തിരിച്ചിലിൽനിന്നുമുയരുന്നാത്മാവിൻെറ
ആശകൾ, പ്രതീക്ഷകൾ പിന്നെയും ജീവിക്കുവാൻ.

# ദേവി എഴുന്നള്ളൂ

ദേവി നീയെഴുന്നള്ളൂ നിന്നറയ്ക്കുള്ളിൽ നിന്നും
ഭുവിൽ കൂരിരുളുകളിഴകൾ മുറുക്കുന്നു.

വിശ്വസൗന്ദര്യത്തിന്റെ പൊരുളേ പ്രകാശമേ
വിശ്വത്തിൽ തുടിക്കുന്ന സ്നേഹത്തിൻ ചൈതന്യമേ,
വൈദ്യുതി പ്രപഞ്ചത്തിൽ മദ്ധ്യാഹ്നം സൃഷ്ടിച്ചിട്ടും
വർദ്ധിക്കുമിരുളല്ലോ മർത്ത്യഹൃത്തടങ്ങളിൽ.
റേഡിയോ തരംഗങ്ങൾ രാഷ്ട്രങ്ങൾ കടന്നിട്ടും
നേടുവാൻ കഴിവില്ല പാലങ്ങൾ മർത്ത്യർ തമ്മിൽ.
ഭൂഗോളം മുറിക്കുള്ളിൽ ഒതുക്കി നിറുത്തിടാം
ഒക്കില്ല സഹജന്റെ കാൽപാദം കടത്തുവാൻ.
'ബർലിനാ'ണോരോഹൃത്തും കന്മതിലോരോന്നിലും
ഇല്ലൊരു ദ്വാരംപോലും കാണുവാൻ തമ്മിൽ തമ്മിൽ.
മേശമേൽ ടെലവിഷൻ പ്രപഞ്ചം വിടർത്തുമ്പോൾ
ആശകൾ മനുജനെ പൂജ്യമായ് ചുരുക്കുന്നു.*

ആകാശം ചുമക്കുന്ന തീമഴയ്ക്കൊരുങ്ങുന്നു
വൈകല്ലേ പ്രശാന്തിതൻ തൂമഴയായി വരാൻ.
ഇപ്പുകച്ചുരുളിലും വസന്തം വിതുമ്പുന്നു
നിൻ പദധ്വനികേട്ടു പിറന്നു വീഴാനവ.
നന്മയായ് പിറക്കുകിൽ ക്രൂശിന്മേൽ മരിക്കണം
നിന്മനം ചലിക്കരുതെങ്കിലും കാവ്യാംഗനേ.
കണ്ണീരിൽ ജലം കുടിച്ചല്ലലിൻ വളം തിന്നു
വേണമീ ഭുവിലേതു നന്മയും വിളയുവാൻ.
ജീവന്റെ വളർച്ചതൻ വേരോട്ടം മാർഗ്ഗങ്ങളിൽ
ആവതും വലിച്ചവൾ ചങ്ങല വിരിച്ചാലും
വിശ്വത്തിൽ തുടിക്കുന്ന സ്നേഹസാഗരത്തിന്റെ
വശ്യതയാകെപ്പേറി ഹൃത്തിൽ നീ വിടരുമ്പോൾ,

റിണ്ണിൻെറ വിശുദ്ധികളാകവേ വഹിച്ചു നീ
മണ്ണിലീമനുജൻെറ കൺകളിലൊളിക്കുമ്പോൾ,
ഗാനമായ് പ്രപഞ്ചത്തിലൊഴുകിനടക്കുമ്പോൾ,
തെന്നി നീയഴകിൻെറ മിന്നലായ് വിരിയുമ്പോൾ
നിൻെറ കൈയിണകളിലാമങ്ങളുറപ്പിക്കാൻ
നിൻെറ കാലിണകളിൽ ചങ്ങലകൊളുത്തുവാൻ
ഇല്ലയീ ഭൂവിലാരും ദേവി നീയെഴുന്നള്ളൂ
അല്ലെങ്കിൽ മഹീതലം ഊഷരഭൂമിനാളേ.

പൂവിതൾ നമിക്കുന്ന നിൻപദം വച്ചു വരൂ
പൂവുകൾ വിരിയിക്കാനിന്നിൻെറ ചുറ്റുകാട്ടിൽ.
നിൻെറ കാലിണകളിൽ ചിലങ്ക കിലുങ്ങട്ടെ
നിൻെറ വാർമിഴികളിൽ സ്വപ്നങ്ങൾ വിരിയട്ടെ.
ഭാവിയില്ലവൾക്കെന്നു വിധിച്ചോരാചാര്യന്മാർ
ദേവി നിൻ പാദത്തിങ്കലർച്ചനയ്ക്കൊരുങ്ങുന്നു.
സത്യവും ലാവണ്യവും ജീവിത ചഷകത്തിൽ
ഒത്തിരി വിളമ്പുവാൻ നീ വരൂ വേഗം വരൂ.
യുദ്ധവും വൈരാഗ്യവും ഭൂവിൽ നിന്നകലുവാൻ
മുഗ്ദ്ധസൗന്ദര്യസത്തേ നീ വരൂ വേഗം വരൂ.
ആത്മചേതനകളിൽ ചൈതന്യം പകരുവാൻ
ആത്മാവിൽ പ്രേമത്തിൻെറ വീഞ്ഞുമായ് വരൂ വരൂ.

★

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|

DC Library
*00036762*
T61 G28

# ജെമ്മ

മതബോധദീപ്തവും, ആത്മീയചിന്താബന്ധുരവുമാണ് ജെമ്മയുടെ കവിതകളോരോന്നും. ആ കവയിത്രിയുടെ അന്തരാത്മാവിനെ പ്രതിഫലിപ്പിക്കുന്നു. പാക്കിസ്ഥാനാക്രമണം തുടങ്ങി ജാകലിന്റെ പുനർവിവാഹം വരെയുള്ള കാലിക സംഭവങ്ങളെ വിഷയമായി സ്വീകരിച്ചുകൊണ്ട് താൻ ജീവിക്കുന്ന കാലഘട്ടത്തിന്റെ പ്രതിഫലനവും കവയിത്രി ഇതിലുൾക്കൊള്ളിച്ചിരിക്കുന്നു. അഭിനന്ദനാർഹമായ വാസനാവൈശിഷ്ട്യത്തിന്റെ മുദ്രപേറുന്ന അനേകം ഈരടികൾ ഈ സമാഹാരത്തിലുണ്ട്. സംസ്കൃതദ്രാവിഡവൃത്തങ്ങളിലുള്ള രചനാസാമർത്ഥ്യത്തിന്റെ പാരസ്പര മത്സരവും നമുക്കിതിൽ കാണാം.

സെൻറ് മാർട്ടിൻ സെൻറർ, അങ്കമാലി

# പുലരി
# പ്പൂക്കൾ

T 61
G28

Indic Digital Archive Foundation
gpura.org